അടൂർ ഭദ്രാസന പ്രസിദ്ധീകരണം

# ഹെർമ്മോൻ ദൂതൻ

ജനുവരി - മാർച്ച് 2011


## ഉള്ളടക്കം

1. ഭദ്രാസന എപ്പിസ്കോപ്പയിൽ നിന്നും ........ 2
2. ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ ........ 4
3. എഡിറ്റോറിയൽ ........ 8
4. വേദപുസ്തകവും നവീകരണവും ........ 11
5. നവീകരണസഭയിലെ നോമ്പാചരണം ........ 17
6. ദിവ്യശ്രീ പി. ഐ. ചാക്കോ കശ്ശീശ്ശാ (അനുസ്മരണം) ........ 21
7. THE NEW CREATION ........ 24
8. മാർത്തോമ്മാ സഭയും സന്യാസ പ്രസ്ഥാനവും ........ 25
9. അർത്ഥവത്തായ യുവത്വം ........ 29
10. എൻ പ്രിയൻ വലങ്കരത്തിൽ പിടിച്ചെന്നെ ........ 33
11. ഫിലേമോനു എഴുതിയ ലേഖനം ........ 35
12. പ്രശ്നോത്തരി & KIDS Corner ........ 36
13. **വാർത്തകൾ**
   - വൈദികരുടെ പഠനകൂട്ടായ്മ ........ 37
   - പുനലൂർ സെന്റർ കൺവൻഷൻ - 2010 ........ 37
   - മലങ്കര സഭാ നവീകരണ ജൂബിലി ആഘോഷം ........ 37
   - ‘നവീകരണം ക്വിസ് മത്സരം 2010’ ........ 38
   - ക്രിസ്തുമസ് ആഘോഷം ........ 38
   - തൃതീയ കനകജൂബിലി ........ 38
   - അവാർഡ് ലഭിച്ചു ........ 39
   - നവീകരണ ജൂബിലി ആഘോഷം ........ 39
   - സീയോൻ കുന്ന് കൺവൻഷൻ ........ 39
   - വെളിച്ചം 2010 ........ 40

**എഡിറ്റോറിയൽ ബോർഡ്**

| | | |
|---|---|---|
| **ചെയർമാൻ & ചീഫ് എഡിറ്റർ** | - | വെരി. റവ. ഡോ. പി. പി. ഏബ്രഹാം |
| **എഡിറ്റർ** | - | റവ. ഷോജി വർഗീസ് |
| **മാനേജർ** | - | റവ. സിബു പള്ളിച്ചിറ |
| **കൺവീനർ** | - | ശ്രീ. പി. എൽ. തോമസ് |
| **കമ്മറ്റി അംഗങ്ങൾ** | - | റവ. എ. ജി. മാത്യു,<br>റവ. ഡോ. ചെറിയാൻ തോമസ്<br>ശ്രീ. വർഗീസ് തരകൻ<br>ശ്രീമതി സാറാമ്മ രാജൻ<br>ശ്രീ. ജോസ് തരകൻ<br>ശ്രീ. മനോജ് മാത്യു |

സ്വകാര്യ വിതരണത്തിനുമാത്രം



# ഭദ്രാസന എപ്പിസ്കോപ്പയിൽ നിന്നും

രണ്ടായിരത്തിപ്പതിനൊന്ന് എന്ന പുതിയ വത്സരം ഏവർക്കും അനുഗ്രഹ പൂർണ്ണമായിരിക്കട്ടെ എന്നാശംസിക്കുന്നു. ഹെർമ്മോൻ അരമനയിൽ വാസം തുടങ്ങിയിട്ട് ഇന്ന് വർഷം രണ്ട് പൂർത്തിയാകുന്നു. ഭദ്രാസനത്തിലെ വൈദികരും ജനങ്ങളും ചേർന്നുള്ള കൂട്ടായ്മ ഏറെ സന്തോഷപ്രദമായിരുന്നു. ഇനിയും സന്ദർശിച്ചുതീരാനുള്ള ഇടവകകൾ ഉണ്ടെന്നുള്ള കാര്യം വിസ്മരിക്കുന്നില്ല.

ജനുവരി 5-9 വരെ നടന്ന അടൂർ ഭദ്രാസന കൺവൻഷൻ ഏറെ സന്തോഷകരമായിരുന്നു. ഹെർമ്മോൻ ദൂതൻ നമ്മുടെ എല്ലാ വീടുകളിലും വരുത്തി വായിക്കുന്നതിന് ഉത്സാഹിക്കണം. സഭാതാരക എന്ന സഭയുടെ ഔദ്യോഗിക മാസികയുടെയും വരിക്കാരാകുന്നതിന് താത്പര്യപ്പെടുക. സഭയെക്കുറിച്ചും ഭദ്രാസനത്തെക്കുറിച്ചും മനസ്സിലാക്കുന്നതിന് പ്രസിദ്ധീകരണങ്ങൾ നിങ്ങളെ ഏറെ സഹായിക്കും.

സഭയ്ക്ക് ഇത് നവീകരണവർഷമാണ്. നവീകരണ ജൂബിലി നാളുകളിൽ 'വചനത്തിലേക്ക് മടങ്ങൂ' എന്ന ആഹ്വാനം നിങ്ങൾ കേട്ട് പ്രതികരിക്കണം. സഭയേയും സമൂഹത്തെയും രൂപാന്തരപ്പെടുത്തുന്ന പരിശുദ്ധാത്മ പ്രവർത്തനവും തിരുവചനത്തിന്റെ ശക്തിയും നാം അനുഭവിച്ച് അറിയണം. മുടങ്ങാതെ വചനം ക്രമമായി വായിക്കുന്നതിനും ധ്യാനിക്കുന്നതിനും ഈ പുതുവത്സരം നിങ്ങൾ തയ്യാറാകുന്നതിന് അഭ്യർത്ഥിക്കുന്നു. ഒരിക്കലും വേദപുസ്തകം വായിച്ചിട്ടില്ലാത്ത നിങ്ങളുടെ ഒരു സ്നേഹിതന് ഒരു വേദപുസ്തകം കൊടുക്കുന്ന ഒരു പദ്ധതി സഭ ആവിഷ്ക്കരിക്കുന്നുണ്ട്. ഓരോ കുടുംബവും അതിന്റെ ഭാഗഭാക്കാകുന്നതിന് ഒരുങ്ങുക. സുറിയാനി സഭയിലെ നവീകരണം കേരളത്തിലെ ക്രൈസ്തവ സഭകളെയും, ഇതര സമൂഹങ്ങളെയും പ്രചോദിപ്പിച്ചി

ട്ടുണ്ട്. പരിശുദ്ധ തോമസ് അപ്പോസ്തലനാണ് മലങ്കര സഭാസ്ഥാപകൻ എന്ന മാർത്തോമ്മാ സഭയുടെ നിലപാട് ഇന്ന് ഏറെക്കുറെ മിക്ക സഭകളും അംഗീകരിച്ചിട്ടുണ്ട്. സുറിയാനി തക്സാകളിൽ എന്താണ് പഠിപ്പിക്കുന്നതെന്ന് മനസ്സിലാക്കാൻ അവ ഭാഷാന്തരം ചെയത് സാമാന്യ ജനങ്ങളെ ബോധ്യപ്പെടുത്തണമെന്ന് മല്പാനച്ചന്മാർ ചിന്തിച്ചു. സുറിയാനി കളയാനല്ല അവ ആഴത്തിൽ സംവേദനം ചെയ്യാൻ അതാണ് ഉത്തമം എന്നവർ കരുതി. ഇംഗ്ലീഷ് ഭാഷയിലുള്ള സയൻസ്, കണക്ക്, സാഹിത്യ കൃതികൾ എന്നിവ മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തുമ്പോഴാണല്ലോ അവ നമുക്ക് സുഗ്രാഹ്യമാകുന്നത്. ഈ നവീകരണം അർത്ഥവത്തായി ആചരിക്കുന്നതിന് സഭയായി നമുക്ക് ഒരുങ്ങാം. നമ്മുടെ എല്ലാ ഭവനങ്ങളിലും കുടുംബപ്രാർത്ഥന മുടക്കംകൂടാതെ നടത്തുക.

മാരാമൺ മഹായോഗത്തിന്റെ 116-ാം സമ്മേളനം ഫെബ്രുവരി 13-ാം തീയതി മുതൽ ആരംഭിക്കുന്നു. കൺവൻഷന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

വലിയ നോമ്പ് മാർച്ച് 13-ാം തീയതി മുതൽ ആരംഭിക്കുന്നു. 'രുചി വെടിഞ്ഞ് രുചി പകരുക' എന്ന നോമ്പ് ചിന്ത പ്രാവർത്തികമാക്കുന്നതിന് സഭാംഗങ്ങൾ ഏവരും ഉത്സാഹിക്കേണം. വിവിധ ഇനത്തിൽ നമ്മുടെ ഭദ്രാസനത്തിലെ ഇടവകകൾ കുടിശികക്കാരായി കാണപ്പെടുന്നു. ഇടവകകളെ കുടിശിക രഹിതരാക്കി തീർക്കുന്നതിന് ഭദ്രാസന ഇടവക ചുമതലക്കാരും വികാരിമാരും ശ്രദ്ധിക്കണം.

മാർത്തോമ്മാ സഭയ്ക്ക് മൂന്ന് മേല്പട്ടക്കാരെ കണ്ടെത്തുന്നതിന് സഭ ശ്രദ്ധയോടെ പ്രാർത്ഥിക്കേണ്ട സമയമാണിത്. ദൈവഹിതപ്രകാരമുള്ള ഒരു തിരഞ്ഞെടുപ്പ് സഭയിൽ നടക്കുന്നതിന് നിങ്ങൾ എല്ലാവരും ഇത് പ്രാർത്ഥനാ വിഷയമാക്കുക.

പുതുവത്സരം ഏവർക്കും അനുഗ്രഹപൂർണ്ണമായിരിക്കട്ടെ.

കർത്താവ് അനുഗ്രഹിക്കട്ടെ.

ജനുവരി 1, 2011.

**മാർ ബർന്നബാസ് എപ്പിസ്കോപ്പാ**

# ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ

വർഷാന്ത്യം കണക്കെടുപ്പിന്റെയും വർഷാരംഭം തീരുമാനങ്ങളുടെയും പദ്ധതിയാവിഷ്കരണങ്ങളുടെയും അവസരങ്ങളാണ്. പോയ വർഷത്തെ പ്രവർത്തനങ്ങളും അദ്ധ്വാനവും കൂട്ടിയും കിഴിച്ചും നോക്കിയാൽ അത് നഷ്ടമോ ലാഭമോയെന്ന് വിലയിരുത്തണം. കൂടാതെ എന്തെല്ലാം നന്മകളും മൂല്യങ്ങളും കൈമോശം വന്നു. എന്തൊക്കെ തിന്മകൾ സമൂഹത്തിൽ നിന്നും നന്മയായി പരിഗണിച്ചു നാം പെറുക്കിയെടുത്തു സ്വന്തമാക്കി? ഇതെല്ലാം വിലയിരുത്തി ആവശ്യമായ തിരുത്തലോടും ശുദ്ധീകരണത്തോടും പുതിയ ദർശനത്തോടും സമർപ്പണത്തോടും നവവത്സരത്തിലേക്ക് പ്രവേശിക്കാം. പൂർവ്വാധികം ശക്തിയോടെ ക്രിയാത്മകമായി പ്രവർത്തിപ്പാൻ യേശുവോടൊത്തു ബലം കണ്ടെത്താം. പുതുവത്സരം നന്മകളുടെയും ഫലദായകപ്രവർത്തനങ്ങളുടെയും കാലഘട്ടമായിത്തീരട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

*"ഏവർക്കും നവവത്സരാശംസകൾ"*

**ഗഡ്ഗേശ്വർ മിഷൻ:**

ഒക്ടോബർ അവസാനം അഭി. ബർന്നബാസ് തിരുമേനി ആന്ധ്രാപ്രദേശിൽ ഗഡ്ഗേശ്വറിലുള്ള, ഈ ഭദ്രാസനത്തിന്റെ മിഷൻ ഫീൽഡ് സന്ദർശിച്ചു പ്രവർത്തനങ്ങൾ വിലയിരുത്തി. തദവസരം സെക്കന്തറാബാദ് സെന്ററിലുള്ള പട്ടക്കാരും ഇടവകാംഗങ്ങളും ഈ സെന്ററിൽ കൂടിയിരുന്നു.

ഇവിടെ ഒരു തയ്യൽ പരിശീലനകേന്ദ്രം ആരംഭിയ്ക്കണമെന്നുള്ള താത്പര്യം പരിഗണിച്ചു ആയതിന്റെ ഉത്ഘാടനം അഭിവന്ദ്യ തിരുമേനി നിർവ്വഹിച്ചു. ഇതിന്റെ സുഗമമായ നടത്തിപ്പിന് ഒരു അദ്ധ്യാപികയേയും നിയോഗിച്ചിട്ടുണ്ട്. 20 സ്ത്രീകൾ പരിശീലനത്തിൽ പങ്കെടുക്കാൻ പേരുകൾ രജിസ്റ്റർ ചെയ്തു. ഈ തയ്യൽ കേന്ദ്രത്തിന്റെ സുഗമമായ നടത്തിപ്പിന് താഴെപ്പറയുന്ന കാര്യങ്ങൾ സത്വരം അനിവാര്യമാണ്.

1. 10 തയ്യൽ മെഷീനുകൾ.
2. 20' X 10' വിസ്തീർണ്ണമുള്ള ഒരു താത്കാലിക ഷെഡ്.
3. തയ്യൽ അദ്ധ്യാപികയുടെ ശമ്പളം.

2 തയ്യൽ മെഷീനുകൾ കറ്റാനം സെന്തോമസ്സ് ഇടവകയും ഈ പ്രവർത്തനങ്ങളോടുള്ള താല്പര്യത്താൽ അഭിവന്ദ്യ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ നാലു തയ്യൽ മിഷനുകൾ നല്കി. 2 തയ്യൽ മെഷീനുകൾ കണ്ണങ്കോട് സെന്റർ സേവികാസംഘം നല്കിയിട്ടുണ്ട്. തയ്യൽ പരിശീലനത്തിനുള്ള താത്കാലിക കെട്ടിടത്തിന് 55,000/- രൂപ ഉടൻ ആവശ്യമുണ്ട്.

ഈ കേന്ദ്രത്തിൽ 50 ആളുകൾ ആരാധനയ്ക്കും കൂട്ടായ്മയ്ക്കുമായി മുടക്കമില്ലാതെ കൂടിവരുന്നുണ്ട്. സുവിശേഷകൻ ശ്രീ. എം. ജോൺസൺ കുടുംബമായി അവിടെ താമസിച്ചു പ്രവർത്തിക്കുന്നു.

ഗ്രാമങ്ങൾ സെന്ററിൽ നിന്നും ദൂരെ ആയതിനാൽ സുഗമമായ പ്രവർത്തനത്തിന് ഒരു ഇരുചക്രവാഹനം അനിവാര്യമാണ്.

ഈ പ്രവർത്തനങ്ങളെയും ആവശ്യങ്ങളെയും ഓർത്ത് പ്രാർത്ഥിയ്ക്കണം. ദൈവിക പ്രേരണകൾക്കനുസൃതമായി സംഭാവനകൾ നൽകി പങ്കാളികളുമാകാൻ വ്യക്തികളോടും, സംഘടനകളോടും ഇടവകകളോടും അഭ്യർത്ഥിക്കുന്നു.

### ഭദ്രാസന ഞായർ

ഭദ്രാസന ഞായറാഴ്ചയായി നവംബർ 21 ന് ആചരിക്കാനിടയായതിൽ ദൈവത്തെ സ്തുതിയ്ക്കുന്നു. ആത്മാർത്ഥമായി സഹകരിച്ച ഏവരോടും നന്ദിയും സ്നേഹവും അറിയിക്കുന്നു.

“ഒരു ദിവസത്തെ വരുമാനം” എന്നതായിരുന്നല്ലോ അഭി. തിരുമേനി കല്പനയിലൂടെ ആഹ്വാനം ചെയ്തിരുന്നത്. മുൻ വർഷത്തേക്കാൾ മൂന്നിരട്ടിയും നാലിരട്ടിയും തുകകൾ ശേഖരിച്ചടച്ച ഇടവകകൾ ഉണ്ട്. അഭിനന്ദനങ്ങൾ അറിയിക്കുന്നു. മുൻ വർഷങ്ങളേക്കാൾ കുറവ് അടച്ച ഇടവകകളുമുണ്ട്. ബഹുമാന്യരായ വികാരിമാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## ഭദ്രാസന സുവിശേഷനിധി

ഇടവകാംഗങ്ങളിൽ നിന്നും ജനുവരി-ജൂലൈ മാസങ്ങളിലാണ് സുവിശേഷനിധി ശേഖരിക്കേണ്ടത്. ജനുവരിയിലേക്ക് താമസംവിനാ ശേഖരിച്ചയച്ചുതരണം.

സുവിശേഷകർ ഇടവകകൾ സന്ദർശിക്കുമ്പോൾ അയയ്ക്കുമ്പോൾ ബഹു. ഇടവക വികാരിമാർ ഇക്കാര്യത്തിൽ ശുഷ്കാന്തിയോടെ എല്ലാ സഹകരണവും നൽകുമല്ലോ.

## കുടിശ്ശിക രഹിതവർഷം

ഭദ്രാസന വികസനഫണ്ട് (DDF), ശമ്പള ക്രമീകരണഫണ്ട് (SAF), എന്നീ ഇനങ്ങളിൽ പല ഇടവകകൾക്കും നല്ല തുക കുടിശികയായിട്ടുണ്ട്. ഇതിനൊരു പരിഹാരമായി 2009-10 ലെ അസംബ്ലിയോഗ തീരുമാനപ്രകാരം 2011 മാർച്ച് 31ന് മുമ്പ് 60% തുക അടച്ച് കുടിശിക വിമുക്തമാക്കാനുള്ള ഈ അവസരം ഏവരും പ്രയോജനപ്പെടുത്തണം. മാർച്ചുമാസം വരെ മാത്രമാണ് ഈ സൗകര്യം എന്ന് ഓർക്കുക. ബഹു. പട്ടക്കാരും ട്രസ്റ്റികളും പ്രത്യേകം ശ്രദ്ധിയ്ക്കുമല്ലോ.

## ഭവനദാന പദ്ധതി

നവതി പദ്ധതിപ്രകാരമുള്ള ഭവനം അനുവദിച്ച് കിട്ടിയവരിൽ, ഇതുവരെയും പണികൾ ആരംഭിച്ചിട്ടില്ലാത്തവർക്ക് ഇനി ഇതിനർഹതയുണ്ടായിരിയ്ക്കയില്ല. 2010 ഡിസംബർ മാസമായിരുന്നു അവസാന തീയതി.

2009-10 ൽ ഭവനം അനുവദിച്ചു കിട്ടിയവർ പണികൾ പൂർത്തീകരിച്ചില്ലെങ്കിൽ സത്വരം പൂർത്തിയാക്കണം. അതിനു സമയബന്ധിതമായി നിയന്ത്രണം ഉണ്ടെന്ന് മനസ്സിലാക്കുക.

2010-11 ലെ സ്ഥലവും വീടും പദ്ധതിയ്ക്ക് അർഹത ലഭിച്ചവർ ഒന്നാം ഗഡു ലഭിയ്ക്കത്തക്കവണ്ണം ഉടൻ സ്വന്തം പേരിൽ സ്ഥലം വാങ്ങി ഭദ്രാസന ആഫീസിൽ റിപ്പോർട്ട് ചെയ്യണം. 2010 ഫെബ്രുവരി 1 നോ അതിനുശേഷമോ സ്ഥലം വാങ്ങിയിട്ടുള്ളവരാണ്. അർഹതയുള്ളവർ. ഈ ഭവനങ്ങളുടെ ഓരോ ഘട്ടവും പൂർത്തിയാക്കിയതിന്റെ റിപ്പോർട്ടയയ്ക്കുമ്പോൾ ബഹു. ഇടവക വികാരിമാർ ഓരോ ഫോട്ടോയും ഒപ്പിട്ട് മാത്രമേ അയയ്ക്കാവൂ.

## ഭദ്രാസന കൺവൻഷൻ

27-ാമത് ഭദ്രാസന കൺവൻഷൻ 2011 ജനുവരി 5-9 വരെ കൺവൻഷൻ നഗറിൽ നടന്നു. നി.വ.ദി.മ.ശ്രീ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി ഉത്ഘാടനം ചെയ്ത ഈ യോഗങ്ങളിൽ ഭദ്രാസന എപ്പിസ്കോപ്പാ തിരുമേനിയെ കൂടാതെ അഭി.യൂഹാനോൻ മാർ ക്രിസോസ്റ്റോമോസ് മെത്രാപ്പോലീത്താ, ഡോ. വിനോദ് വിക്ടർ, പൗലൊസ് പാറേക്കര, പി.റ്റി. കോശി, എം. കെ. ബിജു, ഡോ. വി. എസ്. വർഗീസ് എന്നീ പട്ടക്കാരും കേരളാ ADGP ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്. എന്നിവരും നേതൃത്വം നൽകി. സംഘടനകളുടെ മീറ്റിംഗും ക്രമീകൃതമായി നടന്നു. സഹകരിച്ച ഏവരോടുമുള്ള നന്ദി അറിയിക്കുന്നു.

## ഹെർമ്മോൻ ദൂതൻ

ഭദ്രാസനമായി പ്രസിദ്ധപ്പെടുത്തുന്ന ത്രൈമാസികയാണ് ഹെർമോൻ

ദൂതൻ വരിസംഖ്യകൾ പുതുക്കുകയും പുതുതായി വരിക്കാരാകുന്നതിനും ഏവരും സഹകരിക്കണം.

## ലഹരിവിരുദ്ധ-വിമുക്തി പ്രവർത്തനങ്ങൾ

ഇത് ലക്ഷ്യമാക്കി ഓരോ ഇടവകയിൽ നിന്നുമുള്ള പ്രതിനിധികളെ ചേർത്ത് സെന്റർ തലത്തിലും തുടർന്ന് ഭദ്രാസന തലത്തിൽ നവംബർ 24 ന് ഈശോമാർ തിമൊഥെയോസ് സ്മാരകകേന്ദ്രത്തിൽ വച്ചും പരിശീലനങ്ങൾ നടത്തി. 80 അംഗങ്ങൾ ഇതിൽ പങ്കെടുത്തു. ഈ പരിശീലനം ലഭിച്ചവരിലൂടെ ഓരോ ഇടവകയിലും ഇതിന്റെ പ്രവർത്തനം സംഘടിപ്പിയ്ക്കുന്നതിന് പ്രത്യേകം ശ്രദ്ധിയ്ക്കണം. റവ. തോമസ് ജോർജ്, റവ. കെ. തോമസ് എന്നിവരുടെ നേതൃത്വം ഉന്നതമായിരുന്നു.


### ● ദൈവാലയം ●

ആരാധനയ്ക്ക് കൂടിവരുന്നതിന് വേർതിരിക്കപ്പെട്ട സ്ഥലമാകുന്നു. സ്വർഗ്ഗീയതയും ഭൗതീകതയും നിത്യതയും സമയവും (eternity and time) ആരാധനയിൽ ഇവിടെ സമ്മേളിക്കുന്നു. സ്വർഗ്ഗീയമഹോന്നതങ്ങളിൽ വസിക്കുന്ന ദൈവത്തിന്റെ സാന്നിദ്ധ്യം വിശ്വാസികൾ ആത്മീയമായി അനുഭവിക്കുന്ന സ്ഥലമാണ് ദൈവാലയം. വിശുദ്ധനായ ദൈവത്തെ ആരാധിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള സ്ഥലമാകയാൽ ദൈവാലയം വിശുദ്ധമായിരിക്കുന്നു. 'വിശുദ്ധി' എന്നത് വേർതിരിച്ചിരിക്കുന്ന എന്നർത്ഥത്തിലാണ് മനസ്സിലാക്കേണ്ടത്.

ക്രിസ്തീയ ദൈവാലയങ്ങൾ യെറുശലേമിലെ യഹൂദ ദൈവാലയത്തിന്റെ മാതൃകയിലാണ് രൂപകല്പന ചെയ്തിരിക്കുന്നത്. ഹൈക്ക്ല (ആലയം), മദ്ബഹ, എന്നിങ്ങനെ ദൈവാലയം തിരിച്ചിരിക്കുന്നു.

*(പാദപീഠത്തിങ്കൽ)*





# തിരുവചനവും തിരുസാന്നിദ്ധ്യവും

Every man is a walking civil war... ഓരോ മനുഷ്യനും നടന്നു നീങ്ങിക്കൊണ്ടിരിക്കുന്ന ഓരോ ആഭ്യന്തരയുദ്ധമാണ് (വില്യം ബാർക്ലെ). ഓരോ ദിവസവും എത്രയോ പോരാട്ടങ്ങളാണ് നാം അഭിമുഖീകരിക്കേണ്ടിവരുന്നത്. പരീക്ഷകൾ ഉണ്ടാകുന്നതല്ല അവയിൽ വീണുപോകുന്നതാണ് പാപം. പക്ഷികൾ തലയ്ക്കുമുകളിൽ വട്ടമിട്ടുകറങ്ങുന്നതു തടയാൻ പറ്റുന്നതല്ല; തലയിൽ കൂടുവയ്ക്കാതെ തടയുവാൻ നമുക്കു കഴിയും. ജഡത്തിന്റെ ചിന്തകളുടെ മേൽ വിജയം വരിക്കുവാൻ നല്കപ്പെട്ടിരിക്കുന്ന മാർഗ്ഗങ്ങളാണ് നോമ്പും ഉപവാസവും. പരസ്യ ശുശ്രൂഷയ്ക്കു മുമ്പ് യേശു മരുഭൂമിയിൽ ചെലവഴിച്ച നാല്പതുദിവസങ്ങളും യേശുവിന്റെ പീഡാനുഭവ ദിവസങ്ങളും ചേർത്താണ് സുറിയാനി സഭയിലെ അൻപത് നോമ്പ് ആചരണം. പ്രാർത്ഥനയ്ക്കും ഉപവാസത്തിനും ധ്യാനത്തിനും നോമ്പ് ദിവസങ്ങൾ വേർതിരിച്ചു ആചരിക്കേണ്ടതാണ്. ആഢംബരങ്ങൾക്കും ആർഭാഢങ്ങൾക്കും കടിഞ്ഞാണിടണം. എല്ലാരംഗങ്ങളിലും ലാളിത്യത്തിനായിരിക്കണം പ്രാധാന്യം. 'ഞാൻ എന്റെ കണ്ണുമായി ഒരു നിയമം ചെയ്തു' എന്നു ഇയ്യോബ് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കാം (31:1).

അന്യായ ബന്ധനങ്ങളെ അഴിക്കുക;
നുകത്തിന്റെ അമിക്കയറുകളെ അഴിക്കുക;
പീഡിതരെ സ്വതന്ത്രരായി വിട്ടയയ്ക്ക;
എല്ലാ നുകത്തെയും തകർക്കുക;
ഇതല്ലയോ എനിക്കു ഇഷ്ടമുള്ള ഉപവാസം? (യെശ. 58:6).

വിശപ്പുള്ളവനു അപ്പവും, അലഞ്ഞുനടക്കുന്നവനു സങ്കേതവും നഗ്നനു വസ്ത്രവും അനാഥനു കൈത്താങ്ങലും നല്കി നോമ്പ് അന്വർത്ഥമാക്കാം.

പിശാചിന്റെ തന്ത്രങ്ങളോട് എതിർത്ത് നിൽപ്പാൻ കഴിയേണ്ടതിനു ദൈവത്തിന്റെ സർവ്വായുധ വർഗ്ഗങ്ങളിൽ ഒന്നൊഴിച്ചുള്ളവയെല്ലാം പ്രതിരോധനത്തിനുള്ളവയാണ്. കടന്നാക്രമണത്തിനു ഒന്നുമാത്രം-ദൈവവചനമെന്ന ആത്മാവിന്റെ വാൾ (എഫെ. 6:14-17). മരുഭൂമിയിൽ സാത്താനെ ആട്ടിപ്പായിക്കുവാൻ യേശു ഉപയോഗിച്ച ആയുധം അതായിരുന്നു (മത്താ. 4:1-11; ആവ. 8:2; 6:13). ദൈവവചനം മാതൃഭാഷയിൽ ലഭിച്ചതാണ് മലങ്കര സഭയിൽ 175 വർഷം മുമ്പ് നവീകരണത്തിനു ദൈവം ഉപയോഗിച്ച മുഖാന്തരം. പാശ്ചാത്യ മിഷണനറിമാരുടെ സംഭാവന! ദൈവവചനം ആളത്തത്തെ പുതുക്കും; സമൂഹത്തെയും പുതുക്കും. 1914-18 കാലത്തെ യുദ്ധത്തിൽ ബ്രിട്ടീഷ് തടവുകാരായി പിടിക്കപ്പെട്ടവരുടെ കൂട്ടത്തിൽ ഒരു നിരീശ്വരവാദിയും ഉണ്ടായിരുന്നു. തടവിലെ വിരസതയകറ്റുവാൻ വായിക്കുവാൻ പുസ്തകം അന്വേഷിച്ച് ജയിൽ ചാപ്ലെനെ സമീപിച്ചു. അദ്ദേഹത്തിന്റെ കൈയിലാകട്ടെ വേദപുസ്തകമല്ലാതെ മറ്റൊന്നും ഇല്ലായിരുന്നു. നിരീശ്വരവാദിയെങ്കിലും വിരസതയ്ക്കു പരിഹാരമാകുമല്ലോ എന്നുകരുതി വാങ്ങി. തുറന്നുവായിച്ചത് എസ്ഥേറിന്റെ പുസ്തകമാണ്. കഥ അവനിഷ്ടപ്പെട്ടു. എന്തോ വശ്യത തോന്നി. ഒറ്റയിരിപ്പിൽ വായിച്ചുതീർത്തു തുടർന്നു വായിച്ചുകൊണ്ടിരുന്നു. അത്ഭുതമെന്നു പറയട്ടെ നിരീശ്വരവാദി മാനസാന്തരപ്പെട്ടു. എസ്ഥേറിന്റെ സംഭവവും തുടർവായനയും നിരീശ്വരവാദിയെ ഈശ്വരവിശ്വാസിയാക്കി!!

വേദഭാഗങ്ങൾ, പശ്ചാത്തലത്തിൽ നിന്നടർത്തിമാറ്റി
ഉപദേശരൂപീകരണത്തിനു ശ്രമിക്കരുത്.
ആര് ആരോട് എപ്പോൾ പറഞ്ഞു എന്ന് ശ്രദ്ധിക്കേണ്ടതാണ്.

നോമ്പിൽ തിരുവചനപഠനത്തിനും ധ്യാനത്തിനും മനഃപൂർവ്വ ശ്രമം ഉണ്ടാകേണ്ടത് പുതുക്കത്തിനാവശ്യമാണ്. തിരുവചനം വായിക്കാനുള്ളതല്ല, ധ്യാനിക്കുവാനും അതിലൂടെ ദൈവശബ്ദം കേൾക്കാനും ഉള്ളതാണ്. യേശുക്രിസ്തുവാണ് തിരുവചനത്തിന്റെ കേന്ദ്രബിന്ദു. 'ബൈബിൾ തുറന്നു കാണും ഞാൻ യേശു രാജനെ' (വി.ബി.എസ്. ഗാനം) തിരുവചനത്തിലൂടെ ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ സ്പർശനത്തിനു നമ്മെ വിധേയപ്പെടുത്താം.

ഒരു പുതുവർഷത്തിന്റെ പ്രാരംഭം കാണുവാൻ ദൈവം അനുവദിച്ചല്ലോ, സ്തോത്രം. ആയുസ്സും അവസരവും ദൈവത്തിന്റെ ദാനം. പുതുവത്സരത്തിൽ പദമൂന്നുമ്പോൾ പല ആശങ്കകൾ നമ്മെ ഭരിക്കും. അത് സ്വാഭാവികം. കരുതുന്ന ദൈവം കൂടെയുണ്ട്. എന്ന ഉറപ്പാണ് നമുക്കാവശ്യം. വയലിലെ താമരയേയും ആകാശത്തിലെ പറവകളെയും ആറ്റിലെ മത്സ്യങ്ങളെയും പുലർത്തുന്നത് ദൈവമല്ലേ? അവയെക്കാൾ ശ്രേഷ്ഠനായ മനുഷ്യനെ അവൻ എത്രയ

ധികം കരുതും? മറുതലിപ്പും ദുശാഠ്യമുള്ള ജനത്തെ മരുഭൂമിയിലൂടെ നയിച്ച മോശെ ഒരു പ്രത്യേകഘട്ടത്തിൽ പ്രാർത്ഥിച്ചു; 'തിരുസാന്നിദ്ധ്യം എന്നോടു കൂടെയുണ്ടായിരുന്നാൽ മതി. കൈവിലങ്ങുകൾ ദൈവത്തോടുകൂടെ കൈത്താളങ്ങളായിതീരും. 60 തുകളിൽ ലഭിച്ച ഒരു ക്രിസ്തുമസ്-പുതുവത്സര കാർഡിലെ വാചകം ഓർക്കുന്നു. 'പുറകോട്ടു നോക്കി പഠിക്കണം; മുമ്പോട്ടു നോക്കി ജീവിക്കണം' (യൂഹാനോൻ മാർത്തോമ്മാ) ഇത്രത്തോളം നടത്തിയവൻ നാളെയും നടത്തുവാൻ മതിയായവൻ.

ജനങ്ങളുടെ ക്ഷേമാന്വേഷണത്തിനു വേഷപ്രച്ഛന്നനായി ജനമദ്ധ്യത്തിലൂടെ സഞ്ചരിച്ചിരുന്ന ഒരു രാജാവ്, ഒരു ഗ്രാമീണ ചായക്കടയിൽ നിന്നു ചായ കുടിക്കുക പതിവായിരുന്നു. കടക്കാരന്റെ പെരുമാറ്റത്തിൽ സന്തുഷ്ടനായ രാജാവ് ചില നാളുകൾ കഴിഞ്ഞപ്പോൾ തന്റെ ആളത്തം വ്യക്തമാക്കി. പാവം കടക്കാരൻ അന്തംവിട്ടുപോയി. ഈ നാളുകളെല്ലാം കടയിൽ ചായയും പരിപ്പുവടയും കഴിച്ചിരുന്നത് രാജാവായിരുന്നെന്നോ! രാജാവു അവനെ ധൈര്യപ്പെടുത്തി. അവന്റെ യോഗ്യമായ പെരുമാറ്റത്തെ ശ്ലാഘിക്കയും ചെയ്തു. തുടർന്നു എന്തെങ്കിലും തന്റെ ഭാഗത്തുനിന്ന് ആവശ്യമുണ്ടോ എന്നാരാഞ്ഞു. അവൻ പറഞ്ഞു: ഒരാഗ്രഹമേയുള്ളു. Please do not withdraw thy priceless presence from me - അങ്ങേയുടെ വിലതീരാത്ത സാന്നിദ്ധ്യം മാത്രം മതി.

പുതുവർഷം, 'കർത്താവേ തിരുസാന്നിദ്ധ്യം എന്നോടുകൂടെ പോരണമേ'- അതായിരിക്കട്ടെ ആഗ്രഹവും പ്രാർത്ഥനയും

❀

**ചീഫ് എഡിറ്റർ.**

## ● മദ്ബഹാ ●

'മദ്ബഹാ' എന്ന വാക്കിന് 'ബലിസ്ഥലം' എന്നാണർത്ഥം. പറുദീസായുടെ അതായത് സ്വർഗ്ഗത്തിന്റെ പ്രതീകമാണ് മദ്ബഹാ. വിശുദ്ധസ്ഥലമാണ്. ദൈവം സൃഷ്ടിച്ച ഏദൻതോട്ടം (പറുദീസ) കിഴക്കായിരുന്നു (ഉല്പ. 2:8). ഏദനിൽ നിന്നും ബഹിഷ്കൃതമായ മനുഷ്യൻ പറുദീസ പ്രാപിക്കുവാൻ ആഗ്രഹിക്കുന്നുവെന്നും, ദിവ്യപ്രകാശത്തിലേക്കു തിരിയുന്നുവെന്നുമുള്ള അർത്ഥവത്തിലാണ് കിഴക്കോട്ടു തിരിഞ്ഞുനിന്നു പ്രാർത്ഥിക്കുന്നതും മദ്ബഹാ കിഴക്കെ അറ്റത്ത് ക്രമീകരിച്ചിരിക്കുന്നതും. കൂടാതെ ദൈവപുത്രൻ വീണ്ടും വരുന്നത് കിഴക്കുനിന്നായിരിക്കും എന്നും വിശ്വസിക്കുന്നു (മത്താ. 24:27). കർത്താവിന്റെ ഗാഗുൽത്താ മലമുകളിലെ ദിവ്യബലിയുടെ അനുസ്മരണ നമ്മിൽ ഉളവാക്കുന്ന സ്ഥലമാണ് മദ്ബഹാ. ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ പ്രതീകമായി കുരിശ് മദ്ബഹായിൽ വച്ചിരിക്കുന്നു.

*(പാദപീഠത്തിങ്കൽ)*



# വേദപുസ്തകവും നവീകരണവും

റവ. സാബുകോശി
തേവലക്കര വലിയ പള്ളി

Hans Ruedi Weber എഴുതിയ "The book that reads me" എന്ന ഗ്രന്ഥത്തിൽ വേദപുസ്തകം എപ്പോഴും കൂടെ കൊണ്ടു നടക്കുന്ന വനിതയോട് ആളുകൾ ചോദിച്ചത് രേഖപ്പെടുത്തിയിരിക്കുന്നു. "വായിക്കുന്നതിന് എത്രയോ പുസ്തകങ്ങളുണ്ട്. പിന്നെ എന്തുകൊണ്ടാണ് ഈ പുസ്തകം മാത്രം കൊണ്ടുനടക്കുന്നത്?" വേദപുസ്തകത്തെ സ്നേഹിച്ച ആ സ്ത്രീയുടെ മറുപടി ഇപ്രകാരമായിരുന്നു. "എനിക്കു വായിക്കുവാൻ പുസ്തകങ്ങൾ ധാരാളം കിട്ടും. എന്നാൽ എന്നെ വായിക്കുന്ന പുസ്തകം ഇത് മാത്രം."

*"ഞാൻ പാപം ചെയ്യാതിരിക്കേണ്ടതിന് നിന്റെ വചനത്തെ എന്റെ ഹൃദയത്തിൽ സംഗ്രഹിച്ചിരിക്കുന്നു"*

യഹൂദ, ക്രിസ്തീയ മത ചരിത്രത്തിലെ എല്ലാ നവീകരണങ്ങളും ദൈവവചനത്തിന്റെ സാന്നിധ്യംകൊണ്ടും ശക്തികൊണ്ടും ഉണ്ടായിട്ടുള്ളതാണ്. യിസ്രയേല്യ

മതത്തെ നവീകരിക്കുന്നതിന് മൊഴി വചനം (Spoken word) ദൈവം തന്റെ ദാസരിലൂടെയും പ്രവാചകരിലൂടെയും നൽകിക്കൊണ്ടിരുന്നു. ജഡമായി ത്തീർന്ന വചനമായ യേശുക്രിസ്തു (Incarnate word) പുതുസൃഷ്ടിക്കായി തന്നെ ലോകത്തിനായി നൽകി. എഴുതപ്പെട്ട വചനം (Written word) കാലാകാലങ്ങളിൽ അതിന്റെ ലഭ്യതയിലൂടെയും വായനയിലൂടെയും വ്യാഖ്യാനത്തിലൂടെയും വ്യക്തികളുടെയും സഭയുടെയും സമൂഹത്തിന്റെയും പരിവർത്തനങ്ങൾക്ക് നേതൃത്വം നൽകി. വചനം എല്ലാ ദുഷിപ്പുകളെ നീക്കി ശുദ്ധീകരിക്കുന്നതിന് പ്രാഗത്ഭ്യം ഉള്ളതാണ്. വചനത്തോടുകൂടിയ ജലസ്നാനമാണ് സഭയെ ശുദ്ധീകരിക്കുന്നത് (എഫെ. 5:26). നിർമ്മൂലമാക്കാനും പൊളിപ്പാനും നശിപ്പിപ്പാനും ഇടിച്ചുകളവാനും പണിവാനും നടുവാനുമായിട്ടാണ് ദൈവവചനം നല്കപ്പെടുന്നത്. പഴയതിനെ നീക്കുകയും പുതിയതിനെ സംസ്ഥാപിക്കയും ചെയ്യുന്ന ഇരട്ടദൗത്യം വചനം നിർവഹിക്കുന്നു (യിരമ്യ. 1:10). ദൈവവചനം, മഞ്ഞും മഴയും പോലെ ജീവനും മുളകളും സൃഷ്ടിച്ച് സമൃദ്ധമായി വിളവുണ്ടാക്കുന്നതാണെന്ന് യശയ്യാ പ്രവാചകൻ സാക്ഷിക്കുന്നു (55:10-11). വേദപുസ്തകം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുന്നതിന് സഹായിച്ച ചാത്തുമേനോൻ ക്രിസ്ത്യാനിയായി ഫെൻ എന്നപേര് സ്വീകരിച്ചത് വചനം നിർവ്വഹിക്കുന്ന പുതുക്കത്തിന്റെയും നവീകരണത്തിന്റെയും ബഹുശതം ദൃഷ്ടാന്തങ്ങളിൽ ഒന്നു മാത്രം. സകലത്തെയും ദൈവഹിത പ്രകാരം പുന:ക്രമീകരണത്തിനും പുന:നിർമ്മിതിക്കും (re-formation) വചനം ശക്തമാണ്. ചരിത്രത്തിൽ വേദപുസ്തകം നായകത്വം വഹിച്ച ചില നവീകരണങ്ങളെക്കുറിച്ച് അല്പം ചിന്തിക്കാം.

### 1. യോശിയാരാജാവിന്റെ നവീകരണം (2 രാജാ. 22-23,2 ദിന. 34)

യഹൂദമതത്തിലെ വലിയൊരു നവീകരണത്തിനാണ് യോശിയാവ് മുൻകൈ എടുത്തത്. വർഷങ്ങളായി നിലനിന്ന വിഗ്രഹാരാധനയും അന്യദൈവങ്ങളടെ പൂജാഗിരികളും യോശിയാവ് ഇടിച്ചുകളഞ്ഞു. ദൈവാലയത്തിന്റെ അറ്റകുറ്റപ്പണി അദ്ദേഹം ചെയ്തു. അപ്പോൾ നഷ്ടപ്പെട്ടുപോയ ന്യായപ്രമാണം ദൈവാലയത്തിൽ നിന്നു കണ്ടെടുത്തു. ദൈവാലയത്തിൽ ശ്രദ്ധിക്കാതെപോയ, ഉപേക്ഷിക്കപ്പെട്ടുപോയ, കാണാതെപോയ ന്യായപ്രമാണ പുസ്തകം ഇവിടെ തിരികെ ലഭിക്കയാണ് (Recovery of the scripture). അത് രാജസന്നിധിയിൽ കൊണ്ടുവന്ന് രാജാവും ജനങ്ങളും ഉറക്കെ വായിപ്പിച്ച് കേൾക്കയുമാണ്. അതിലെ വചനങ്ങളെ കേട്ട രാജാവ് ഉറക്കെ കരയുകയും താനും ജനങ്ങളും അതിലെ കല്പനകൾ പ്രമാണിച്ച് ജീവിക്കുമെന്ന് തീരുമാനിക്കയും ചെയ്തു. "ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ച് കേൾപ്പിക്കുന്നവനും കേൾക്കുന്നവരും അതിൽ എഴുതിയിരിക്കുന്നത് പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ" (വെളി. 1:3). വചനം കണ്ടെടുക്കുക, വായിക്കുക, കേൾക്കുക, അനുസരിക്കുക ഇവ

യെല്ലാമാണ് നവീകരണത്തെ സാധ്യമാക്കുന്നത്. വ്യക്തികളും കുടുംബങ്ങളും ഒരു നിശ്ചിത പരിപാടിക്കു വിധേയമായി ക്രമമായി വചനം വായിക്കയും പഠിക്കയും വേണം. ഒരുമിച്ചുകൂടി സമൂഹവായനയും ആവശ്യം തന്നെ. വായിക്കുമ്പോൾ എല്ലാവർക്കും പ്രയോജനപ്രദമാകുമാറ് ഉറക്കെ ആയിരിക്കണം. മറ്റുള്ളവരെ വായിച്ചുകേൾപ്പിക്കേണ്ട ഉത്തരവാദിത്തം വചനം കൈയിൽ കിട്ടിയവർക്കുണ്ട്. ഇതിൽ ദൈവവചനത്തിന്റെ പരിഭാഷകൾ, അച്ചടി, വിതരണം, വ്യാഖ്യാനം എന്നിവ അടങ്ങിയിരിക്കുന്നു.

**2. വേദപുസ്തകം പാശ്ചാത്യ നവീകരണത്തിൽ**

മാർട്ടിൻ ലൂഥർ മുതലായവർ നേതൃത്വം നല്കിയ നവീകരണത്തിന്റെ കാരണം ദൈവവചനത്തിലേക്കുള്ള മടങ്ങിപ്പോക്കായിരുന്നു (Back to the Bible). പാശ്ചാത്യ നവീകരണത്തിന്റെ മുദ്രവാക്യങ്ങൾ; കൃപമാത്രം (Grace alone), വിശ്വാസം മാത്രം (faith alone), വേദപുസ്തകം മാത്രം (scripture alone), ദൈവജനത്തിന്റെ പൗരോഹിത്യം (priesthood of all believers) എന്നിവയെല്ലാം വേദപുസ്തകത്തിൽ നിന്നു ലഭിച്ച മുദ്രവാക്യങ്ങൾ തന്നെ. അങ്ങനെവരുമ്പോൾ ഇവയെല്ലാം വേദപുസ്തകത്തിന്റെ പ്രാധാന്യമാണ് വെളിവാക്കുന്നത്. (primary of the Bible) റോമൻ പാപ്പായ്ക്കല്ല, ദൈവവചനത്തിനാണ് തെറ്റിക്കൂടായ്മയുള്ളത് എന്ന് (infalliabitity) ലൂഥർ പഠിപ്പിച്ചു. ലൂഥർ ജർമ്മൻ ഭാഷയിലേക്ക് വേദപുസ്തകം പരിഭാഷപ്പെടുത്തിയതും വിതരണം ചെയ്തതും അദ്ദേഹത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് വലിയ പ്രചാരം നല്കി. വചനവായന, പ്രസംഗം, കീർത്തനങ്ങൾ ഇവ അദ്ദേഹത്തിന്റെ സഭാ നവീകരണത്തിന് ആക്കംകൂട്ടി. വചനം വായിക്കുന്നതിന് വ്യക്തികൾക്കുള്ള അധികാരവും പദവിയും ലൂഥർ അനുവദിച്ച് നല്കി. ചടങ്ങുകളും, ആചാരങ്ങളുമല്ല പ്രത്യുത വചനമാണ് മനുഷ്യനെ രക്ഷിക്കുന്നതെന്ന് പറഞ്ഞു. ലൂഥറിന്റെ നവീകരണത്തിൽ പ്രസംഗപീഠം ത്രോണോസിനെക്കാൾ ഉയർന്നുപോയി എന്ന് പലരും വിമർശിച്ചു.

**3. ദൈവവചനം മലങ്കരസഭാ നവീകരണത്തിൽ**

മലങ്കരസഭയിൽ വേദപുസ്തകത്തിന്റെ സുറിയാനി പരിഭാഷയാണുണ്ടായിരുന്നത് (പെഷീത്താ). ഇവിടെ ആരാധനയിൽ വേദം വായിക്കയും പ്രസംഗമായി പറകയും ചെയ്യുന്ന പതിവ് നിലനിന്നിരുന്നു. പല സമയത്ത് ഇവിടം സന്ദർശിച്ച വിദേശികൾ ഈ സഭയിൽ ദൈവവചനത്തിന് നൽകിയ സ്ഥാനം അഭിനന്ദിച്ച് പറഞ്ഞിട്ടുണ്ട്. ഹെർബർട്ട് എന്ന സഞ്ചാരി മലങ്കര സഭയെപ്പറ്റി ഇപ്രകാരം എഴുതി: “അവർ വേദപുസ്തകത്തിലെ രണ്ടുഭാഗങ്ങളിൽ നിന്നും ഓരോ അധ്യായങ്ങൾ വായിക്കുന്നു. അവരുടെ കൈയിലുള്ളത് വിശുദ്ധ ഗ്രന്ഥത്തിന്റെ മൂലഗ്രന്ഥമാണെന്നും അത് കിഴക്കിന്റെ അപ്പോസ്തലൻ തോമസ് ശ്ലീഹാ തന്നെ അവർക്കുവേണ്ടി തർജ്ജമ ചെയ്തതാണെന്നും അവർ വിശ്വസിക്കുന്നു. അതിന്റെയൊരു പ്രതി ത്രോണോസിന്റെ

മേൽ ഉണ്ട്." പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യം ഇവിടെവന്ന ബ്രിട്ടീഷ് ചാപ്ലയിൻ ക്ലോഡിയസ് ബുക്കാനന്റെ വാക്കുകൾ മേൽപറഞ്ഞതിനെ ശരിവെക്കുന്നു. "കളങ്കമില്ലാത്ത, കലർപ്പില്ലാത്ത ദൈവവചനം അവിടെ അവരുടെ കൈവശമുണ്ട്" എന്നദ്ദേഹം പറഞ്ഞു. ബുക്കാനൻ മുൻകൈ എടുത്ത് നാല് സുവിശേഷങ്ങൾ തർജ്ജമ ചെയ്യിച്ച് അച്ചടിച്ച് 1811-ൽ പുറത്തിറക്കി. പിന്നീട് ബെഞ്ചമിൻ ബയ്‌ലിയുടെ ഉത്സാഹത്തിൽ പുതിയനിയമം 1879 ലും പഴയ നിയമം 1835-ലും സമ്പൂർണ്ണ ബൈബിൾ 1842-ലും മലയാളത്തിൽ പ്രസിദ്ധീകരിച്ചു.

ദൈവവചനം ആരാധനയിൽ വായിക്കയും വ്യാഖ്യാനിക്കയും ചെയ്തിരുന്നത് പോർട്ടുഗീസുകാരുടെ വരവോടും ഉദയംപേരൂർ സുന്നഹദോസിനോടും കൂടി കുറഞ്ഞുപോവുകയോ ഇല്ലാതാകുകയോ ചെയ്തു. വേദപുസ്തകത്തിന്റെ സ്ഥാനത്ത് ത്രോണോസിന്മേൽ രൂപങ്ങളും കയറിപ്പറ്റി. ദൈവവചനം ദൈവാലയത്തിൽ നഷ്ടപ്പെട്ടു, ഉപേക്ഷിക്കപ്പെട്ടു. "നവീകരണ പോർക്കളത്തിലെ കാഹളത്തിൽ" പറഞ്ഞിരിക്കുന്ന സങ്കടങ്ങളിൽ ഏഴാമത്തേത് ഇതിനെപ്പറ്റിയാണ്. "ഞായറാഴ്ച ദിവസം മയ്യലിൽ ജനങ്ങൾ ഒക്കെയും പള്ളിയിൽ കൂടി പട്ടക്കാരും ജനങ്ങളും ഒന്നിച്ച് നമസ്കരിച്ച് ശുദ്ധമാന പുസ്ത കങ്ങൾ വായിച്ച് കേൾപ്പിക്കയും അതിന്റെ സാരങ്ങൾ പൊരുൾ തിരിച്ച് പ്രസംഗമായിട്ട് പറയുകയും ചെയ്യണമെന്നും അതിന്റെ ശേഷം ശുദ്ധമാന കുർബാന അണക്കണമെന്നും മര്യാദ ആയിരിക്കുമ്പോൾ അതിനാവണ്ണം ഒന്നും ചെയ്യാതെ..." എന്ന് പരാതി പറയുന്നു. വചനം പഠിപ്പിക്കാൻ ഉത്തരവാദിത്തപ്പെട്ട ഇടയന്മാർ അതിൽ ശ്രദ്ധിക്കാതെ പണ്ടാര ഉദ്യോഗസ്ഥരുടെ പുറകെ നടന്നു കാലം കഴിക്കയും കോർട്ടുകൾക്ക് മുമ്പാകെ വ്യവഹാരത്തിന് പോവുകയും കച്ചവടം ചെയ്തു ലാഭം ഉണ്ടാക്കുകയും ചെയ്യുന്നു എന്ന മറ്റൊരു സങ്കട ഹർജിയും ഉണ്ട്. മലയാളത്തിൽ പുതിയനിയമം പ്രസിദ്ധീകരിക്കയും അതിന്റെ അയ്യായിരം കോപ്പികൾ ജനങ്ങളിൽ എത്തിയതും നവീകരണ സംരംഭങ്ങൾക്ക് ശക്തി പകർന്നു. വചനത്തിന്റെ കല്പനകളും അനുശാസനങ്ങളും പ്രമാണിച്ച് ജീവിക്കേണ്ടതിന് ധാരാളം പേർ ഉത്സാഹിച്ചത് നവീകരണ പ്രവർത്തനങ്ങൾക്ക് ജനപിന്തുണ നല്കി. വേദപഠിപ്പിക്കകളായ വിശ്വാസത്താലുള്ള രക്ഷ, കൃപയാലുള്ള ദോഷപൊറുതി, ക്രിസ്തീയ സാക്ഷ്യം എന്നിവയുടെ സ്ഥാനത്ത് മധ്യസ്ഥരോടുള്ള പ്രാർത്ഥനകൾ, നേർച്ച കാഴ്ചകൾ രക്ഷക്ക് ആവശ്യം എന്നത്, പള്ളിക്കുചുറ്റും ഉരുളുക, മുട്ടിന്മേൽ നീന്തുക ഇവ ദോഷപൊറുതിക്ക് മതിയാകും എന്ന ദുഷിപ്പുകളെ നിർ മാർജ്ജനം ചെയ്യാൻ തുറന്ന വേദപുസ്തകം (Open Bible) എന്ന ആശയം നവീകരണ വിഭാഗത്തിന് കരുത്തേകി. വേദപുസ്തക പഠിപ്പിക്കകളുടെ വെളിച്ചത്തിൽ തക്സായിൽ പരിഷ്ക്കരണങ്ങൾ വരുത്തി. കന്യക മറിയാമിനോടും വിശുദ്ധരോടും ഉള്ള പ്രാർത്ഥനകൾ, മരിച്ചവർക്കുവേണ്ടി

യുള്ള പ്രാർത്ഥനകൾ ഇവ നീക്കിക്കളഞ്ഞു. പട്ടക്കാരോട് നേരിട്ട് പാപം ഏറ്റുപറയുന്നത് നിർത്തലാക്കി. ആരാധനയിൽ വചന ശുശ്രൂഷയ്ക്ക് വീണ്ടും പ്രാധാന്യം ലഭിച്ചു.

### വേദപുസ്തകം നവീകരണത്തിന്റെ തുടർപ്രക്രിയയിൽ

വേദപുസ്തകം സഭയുടെ പിന്നീട് വന്ന നാളുകളിലും തുടർന്ന് പ്രവർത്തിച്ചുകൊണ്ടിരുന്നു. ആരാധനയിൽ നാല് വേദവായനകൾ ഉണ്ടായി. പ്രസംഗങ്ങൾ ആരാധനയുടെ പ്രധാന സംഭവമായി. പ്രസംഗപീഠം ആലയത്തിന്റെ മധ്യഭാഗത്ത് സ്ഥാനം പിടിച്ചു. എന്നാൽ ലൂഥറിന്റെ നവീകരണത്തിന് സംഭവിച്ച പിഴവ് ഇവിടെ ഉണ്ടായില്ല. പ്രസംഗപീഠം ത്രോണോസിനെക്കാൾ ഉയർന്നുപോയില്ല. വേദപഠിപ്പിക്കലുകൾക്ക് എതിരല്ലാത്ത എല്ലാ പാരമ്പര്യങ്ങളും ചടങ്ങുകളും സഭയിൽ തുടർന്നുവന്നു. ചില മാറ്റങ്ങൾ വരുത്തി പഴയ തക്സാ തുടർന്നും ഉപയോഗിച്ചു. പാരമ്പര്യങ്ങളെ അപ്പാടെ നിരാകരിച്ചില്ല. എപ്പിസ്കോപ്പൽ പിന്തുടർച്ച, ആഗോള സുന്നഹദോസുകളുടെ വിശ്വാസപ്രമാണങ്ങൾ, നോമ്പാചരണം, കൂദാശകൾ ഇവയെല്ലാം തുടർന്നും നിലനിന്നു.

വേദപുസ്തകം ഭവനങ്ങളിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നായി തീർന്നു. രാവിലെയും വൈകിട്ടും കുടുംബപ്രാർത്ഥനയിൽ വേദപാരായണം പതിവാക്കി. എല്ലാ നവീകരണ ഭവനങ്ങളിലും പതിവായി വ്യക്തികൾ അവരുടെ വായനക്ക് വേറെ സമയവും കണ്ടെത്തി. ഓരോരുത്തർക്കും സ്വന്തമായി വേദപുസ്തകം എന്നതും അത് ചുമന്നുകൊണ്ടു നടക്ക എന്നതു സംഭാംഗങ്ങൾ സന്തോഷത്തോടെ ചെയ്തു. കൃഷിസ്ഥലത്തും ജോലിസ്ഥലത്തും ദൈവവചനം കൊണ്ടുപോകുകയും വിശ്രമവേളകളിൽ വായിക്കയും ചെയ്തു. വചനപഠനത്തിനും പ്രസംഗത്തിനുമായി ജനങ്ങൾക്ക് ഉത്സാഹം വർദ്ധിച്ചു. വചനഘോഷണങ്ങളും ഉണർവ്വ് പ്രസംഗങ്ങളും ഇടവകകളിൽ ആഘോഷമായി ചെയ്തു. വചനം മറ്റുള്ളവരോട് അറിയിക്കേണ്ടതാണെന്ന് ബോധ്യം മിഷൻ പ്രവർത്തനങ്ങൾക്കും സുവിശേഷ വേലയ്ക്കുമായി സഭയെ പ്രചോദിപ്പിച്ചു. മിഷൻ ഫീൽഡുകളും സുവിശേഷ വേലസ്ഥലങ്ങളും സഭ ആരംഭിച്ചു. “ജാതികളുടെ മധ്യത്തിൽ വചനം അറിയിപ്പാൻ വിശ്വസ്തരായ കുറെ സുവിശേഷ പ്രസംഗകരെ എങ്ങനെ ലഭിക്കും” എന്ന് മാത്യൂസ് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ ഒരു സുഹൃത്തിനയച്ച കത്തിൽ ആരാഞ്ഞിട്ടുണ്ട്. ഇടവകകളിൽ കുട്ടികൾക്കും യുവാക്കൾക്കും സ്ത്രീകൾക്കും പുരുഷന്മാർക്കും വേദപഠനത്തിന് പ്രത്യേക സംഘടനകളും കൂടിവരവുകളുമുണ്ടായി. ഞായറാഴ്ചകളിൽ ഉച്ചകഴിഞ്ഞ് പുരുഷന്മാർ പ്രാർത്ഥനായോഗങ്ങളായി കൂടിയത് ‘വായന’ എന്ന പേരിലാണ് അറിയപ്പെട്ടത്. അതിൽ വേദപുസ്തകം വായിക്കുക എന്ന പ്രധാന പ്രവർത്തനം ആണ് നടന്നിരുന്നത്.

കൂദാശകളുടെ അനുഷ്ഠാനങ്ങളോട് ചേർന്ന് ദൈവവചനം പ്രബോധനങ്ങളുണ്ടായി. അത് ജനങ്ങൾ കൂദാശകൾ അർത്ഥവത്തായി ഗ്രഹിക്കുന്നതിന് ഇടയാക്കി. വേദപുസ്തകത്തിന്റെ ഊന്നലുകളായ വിശ്വാസത്താലുള്ള നീതീകരണം, ദൈവകൃപയുടെ പ്രാധാന്യം, രക്ഷയെക്കുറിച്ച് ഓരോരുത്തർക്കും ഉണ്ടാകേണ്ട ഉറപ്പ്, ക്രിസ്തീയ ജീവിതശൈലി പിന്തുടരേണ്ടതിന്റെ ആവശ്യം, സാക്ഷ്യജീവതം ഇവ ജനങ്ങൾ പിന്തുടർന്നു. സ്വമേധദാനം, ശുശ്രൂഷകളിൽ ജനങ്ങളുടെ നേതൃത്വം, അർത്ഥവത്തായ ആത്മീയത, ഇവ സംജാതമായി. വചനം മന:പാഠമാക്കുന്നത് എല്ലാവരും ചെയ്തു. വാക്യങ്ങൾ മാത്രമല്ല അധ്യായങ്ങൾ തന്നെ കാണാതെ പഠിക്കുന്നവരുണ്ടായി. കുട്ടികൾ മന:പാഠമാക്കുന്ന വാക്യങ്ങൾ വളരെയായിരുന്നു. അതിൽ മാതാപിതാക്കളും കുട്ടികളും അഭിമാനിച്ചിരുന്നു. ഇങ്ങനെ ഹൃദിസ്ഥമാക്കുന്ന വേദവാക്യങ്ങൾ ഓരോരുത്തർക്കും നൽകിയ ധൈര്യം, വിശ്വാസം, പ്രത്യാശ വളരെയാണ്. “ഞാൻ പാപം ചെയ്യാതിരിക്കേണ്ടതിന് നിന്റെ വചനത്തെ എന്റെ ഹൃദയത്തിൽ സംഗ്രഹിച്ചിരിക്കുന്നു” എന്ന വചനം പലർക്കും അനുഭവസാക്ഷ്യമായിരുന്നു. ഇന്ന് വേദവാക്യങ്ങൾ മന:പാഠമാക്കുന്നവർ വിരളം.

ദൈവവചനത്തിന്റെ ശക്തമായ സ്വാധീനം സഭയുടെ ദർശനത്തിലും പ്രവർത്തനങ്ങളിലും പ്രതിഫലിച്ചുകൊണ്ടിരുന്നു. പുതിയ മാനവീകതക്കായുള്ള സംരംഭങ്ങൾ ഇവാഞ്ചലിക്കൽ ദർശനം, സാമൂഹ്യരാഷ്ട്രീയരംഗങ്ങളിലെ ദൗത്യബോധം, ദളിത് വിഭാഗങ്ങളോടുള്ള ഐക്യദാർഢ്യം സഭ ഐക്യപ്രസ്ഥാനങ്ങളിലെ പങ്കാളിത്തവും നേതൃത്വവും മതസൗഹാർദ്ദം, വിദ്യാഭ്യാസ ആതുര ശുശ്രൂഷാമേഖലകളിലേക്കുള്ള പ്രവേശനം, എളിയവരോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടുമുള്ള ശുശ്രൂഷാരീതികൾ, സാമൂഹ്യ വികസന കാഴ്ചപ്പാടുകൾ, ദൈവജനത്തിന്റെ കെട്ടുപണി തുടങ്ങിയവയെല്ലാം വചനം തുടർന്നും സഭയിൽ ചെയ്ത ക്രിയകളുടെ ഫലമാണ്. എന്നാൽ ഇന്ന് നവീകരണസഭയിൽ തുറന്ന വേദപുസ്തകം എത്രമാത്രം സംഗതമായിരിക്കുന്നു? വായന, പഠനം, വ്യാഖ്യാനം ഇവ മന്ദീഭവിച്ചിട്ടില്ലേ? പ്രസംഗങ്ങൾ എത്രമാത്രം ക്രിസ്തുജീവിതശൈലിയിലേക്ക് വിശ്വാസികളെ നയിക്കുന്നുണ്ട്. പരിവർത്തനത്തിനും കാലികമായ നവീകരണത്തിനുമായുള്ള വചനവ്യാഖ്യാനം ഇന്ന് എത്രയുണ്ട്? Bible is more misinterpreted than properly interpreted എന്ന വിമർശനം ശരിയല്ലേ? വേദപുസ്തകം കുഞ്ഞുങ്ങളും യൗവ്വനക്കാരും മാതാപിതാക്കളും നെഞ്ചിലേറ്റേണ്ട ഉത്തരവാദിത്തം നവീകരണത്തിന്റെ 175-ാം വാർഷികം കൊണ്ടാടുന്ന ഈ വേളയിൽ ആവശ്യമായി വന്നിരിക്കുന്നു.

❀





# നവീകരണ സഭയിലെ നോമ്പാചരണം

**റവ. തോമസ് സഖറിയ,** നൂറനാട്

വലിയ നോമ്പ് നമ്മുടെ കർത്താവിന്റെ ഉപവാസം, പീഡാനുഭവം, മരണം, മഹത്വമുള്ള പുനരുത്ഥാനം എന്നിവ ധ്യാനിക്കുവാനും, അതിലൂടെ വ്യക്തികളുടെയും സഭയുടെയും ജീവിതത്തിൽ ആവശ്യമായ പുതുക്കവും, രൂപാന്തരവും കൈവരിക്കാനുമുള്ള നാളുകളാണ്. സ്വയംവർജ്ജനത്തിന്റെ ഈ നാളുകൾ പുണ്യദിനങ്ങളാണ്. ദൈവത്തോട് 'അടുത്ത് വസിക്കുന്നതിനുള്ള നാളുകൾ.' മറിയ തെരഞ്ഞെടുത്ത നല്ല അംശം അതാകുന്നു. സ്വാമിപാദത്തിലിരുന്ന് ദൈവവചനം കേൾക്കാൻ അത് അവസരമൊരുക്കുന്നു. സ്വയവർജ്ജനം മറ്റുള്ളവർക്ക് നിഷേധിക്കപ്പെട്ട നീതിലഭ്യമാക്കാനും, പീഡിതരെ വിടുവിച്ചയക്കാനും ഉള്ളത് തന്നെ (യെശ. 58).

സുറിയാനി സഭയിലെ ആരാധനകളിൽ ഏറ്റവും ആത്മിക പ്രചോദനം നൽകുന്ന ശുശ്രൂഷയാണ് കർത്താവിന്റെ പീഡാനുഭവദിനങ്ങളിലെ ശുശ്രൂഷകൾ. ഇതിന്റെ മഹത്വവും, ഉദ്ദേശ്യവും വേണ്ടവിധത്തിൽ മനസ്സിലാക്കാത്തവരും, എടുക്കാത്തവരും സഭയിൽ തന്നെ കണ്ടെന്നുവരാം. സമയം ലാഭ പ്പെടുത്താൻ ആരാധനയുടെ അർത്ഥവത്തായ ഭാഗങ്ങൾ വിഴുങ്ങി അതിന്റെ പൂർണ്ണതയും ഹൃദ്യതയും ദുഃഖവെള്ളിയാഴ്ചപോലും നഷ്ടപ്പെടുത്തുന്നുവോ എന്ന് ചിന്തിച്ചുപോകുന്നു. ഇത് തലമുറകളോടുള്ള പാപമല്ലേ എന്ന് നാം ഗൗരവമായി കാണേണ്ടതാണ്.

കിഴക്കൻ സഭയുടെ ആരാധനാക്രമം തയ്യാറാക്കിയിട്ടുള്ളവർ മനുഷ്യനെ മനുഷ്യനിൽ നിന്നും, ദൈവത്തിൽ നിന്നും അകറ്റുന്ന പാപത്തെക്കുറിച്ച്

തിരിച്ചറിവുള്ളവരായിരുന്നു. ഈ തിരിച്ചറിവാണ് ആരാധനാസമൂഹമായ നമ്മുക്കുണ്ടാകേണ്ടത്. അതത്രേ ദൈവമഹത്വത്തിനായി വിഷയീഭവിക്കുന്നത്.

മാറ്റുവാൻ പാടില്ലാത്ത ചില കാര്യങ്ങൾ മാർത്തോമ്മാ സഭയുടെ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ഞായറാഴ്ച, നോമ്പ്, മാറാനായ പെരുന്നാൾ എന്നിവയുടെ ആചാരങ്ങളൊരുകാലത്തും നിർമ്മൂലനം ചെയ്യാൻ പാടില്ലാത്തത് ആകുന്നുവെന്ന് കാണാവുന്നതാണ് (Ch.1:36). പെരുന്നാൾ എന്നതിന് 'വലിയദിനങ്ങൾ' എന്ന അർത്ഥമാണുള്ളത്. ചുരുക്കത്തിൽ നോമ്പിനേയും, വലിയ ദിനങ്ങളേയും, നമ്മുടെ പിതാക്കന്മാർ ജീവിതത്തിന്റെ ഭാഗമായിതന്നെ ഏറ്റെടുത്തു.

പേത്രത്ത (Table Feast/New begining for the lent) കഴിയുന്ന തിങ്കൾ മുതൽ നാല്പതാം ദിനമാണ് 40-ാം വെള്ളി. നമ്മുടെ കർത്താവിന്റെ നാല്പത് ദിവസത്തെ ഉപവാസമായി നാം അനുസ്മരിക്കുന്നു. ഇതോടൊപ്പം കർത്താവിന്റെ ഐഹിക ജീവിതത്തിന്റെ അവസാന ആഴ്ചയും കൂടെചേരുമ്പോൾ 50 നോമ്പായി പങ്കുചേരുകയാണ്. പച്ച വെള്ളം വീഞ്ഞായി രൂപാന്തരപ്പെടുത്തുകയാണ്. ഭക്ഷണവർജ്ജനത്തിലൂടെ പുണ്യം സമ്പാദിക്കുകയല്ല ആത്മനിയന്ത്രണവും തിരുത്തലുകളും വഴി ജീവിത ശിക്ഷണത്തിന് സഹായിക്കുന്ന ഒന്നായി രൂപാന്തരപ്പെടുവാൻ പിതാക്കന്മാർ ഇതിനെ സ്വീകരിച്ചു.

ബാത്തത്ഹാശ, കുക്കായ, സുഗീസാ തുടങ്ങിയ ഗാനങ്ങളുടെ അർത്ഥതലങ്ങൾ വേദപുസ്തകാടിസ്ഥാനത്തിൽ നിലകൊള്ളുന്നവയത്രെ. ആരാധനാപുസ്തകം തുറന്നാലുടൻ പാടുന്ന രീതി ഉപേക്ഷിച്ച് അതിന്റെ ഈണവും, താളവും, അർത്ഥവും സൂക്ഷിച്ചും ശ്രദ്ധിച്ചും പാടുന്നതാണ് ഏറെ അഭികാമ്യം.

മലങ്കര സുറിയാനി സഭയുടെ കാനോനിൽ നോമ്പിനെക്കുറിച്ചുള്ള വിവരണം ശ്രദ്ധേയമാണ്. മാർത്തോമ്മാസഭയിൽ ആചരിച്ചുപോരുന്നതും ഇന്നു പ്രസക്തമല്ലാതെ പോകുന്നതും, വളരെ ഗൗരവമായി എടുക്കേണ്ടതുമായ നോമ്പുകളെക്കുറിച്ചാണത്. അവ ചുവടെ ചേർക്കുന്നു.

### 1. ഇരുപത്തിയഞ്ച് നോമ്പ്

ഡിസംബർ 1-ാം തീയതി മുതൽ 25 വരെയാണ് ഇത്. യേശുകർത്താവിന്റെ മനുഷ്യാവതാരത്തെ അനുസ്മരിക്കുന്ന ഈ കാലയളവിൽ ദൈവികരക്ഷാ പദ്ധതിയിൽ പങ്കുകാരാകാനുള്ള ആഹ്വാനവും ക്രിസ്തുവിന്റെ ജനനത്തിലൂടെ സാധ്യമായ മഹത്തായ സന്തോഷവും അനുസ്മരിക്കുന്നു.

പൗരസ്ത്യ സഭയിൽ തിരുജനനത്തെ അനുസ്മരിക്കുന്ന നോമ്പാചരണം ഏറെ പ്രസക്തം തന്നെ.

### 2. മൂന്നു നോമ്പ്

വലിയ നോമ്പിന് മൂന്നാഴ്ച മുമ്പാണ് മൂന്നുനോമ്പാചരിക്കുന്നത്. തിങ്കളാഴ്ച ആരംഭിക്കുന്ന നോമ്പ് വ്യാഴാഴ്ച വീടത്തക്കവിധത്തിലാണിതിന്റെ നാളുകൾ. പൗരസ്ത്യസഭയിൽ മാത്രമാണ് ഈ നോമ്പാചരണം. അനുതപിക്കുന്നവരെ ദൈവം സ്വീകരിക്കുന്നു. നിനവേ പട്ടണത്തോടും യോനയോടുമുള്ള ബന്ധത്തിൽ നിന്ന് അതാണു നാം മനസിലാക്കേണ്ടത്.

### 3. വലിയ നോമ്പ്

വലിയനോമ്പ് വർഷംതോറും തീയതി മാറിവരുന്നതാണ്. കർത്താവിന്റെ പീഡാനുഭവം, ക്രൂശ്മരണം, പുനരുത്ഥാനം എന്നിവയുടെ ആഴത്തെയും നൊമ്പരത്തെയും അനുസ്മരിക്കേണ്ടതായ നാളുകൾ.

### 4. ശ്ലീഹാ നോമ്പ്

ജൂൺ മാസം 16-ാം തീയതി മുതൽ 29-ാം തീയതിവരെ ഈ നോമ്പ് അനുസ്മരിക്കുന്നു. ശ്ലീഹന്മാരുടെ ജീവിതത്തെയും സാക്ഷ്യത്തെയും ഓർക്കുന്ന ദിനങ്ങളാണ് ഇവ.

### 5. പതിനഞ്ച് നോമ്പ്

ആഗസ്റ്റ് 1-ാം തീയതി മുതൽ 15-ാം തീയതിവരെ ഈ നോമ്പ് ആചരിക്കുന്നു. വിശുദ്ധ കന്യക മറിയത്തിന്റെ ജീവിതത്തെയും സാക്ഷ്യത്തെയും സമർപ്പണത്തെയും അനുസ്മരിക്കുന്ന ദിനങ്ങൾ. ചില സഭകൾ കന്യക മറിയാമിന്റെ സ്വർഗാരോഹണപ്പെരുന്നാളെന്ന് പഠിപ്പിക്കുന്നുണ്ട്. എന്നാൽ നവീകരണസഭകൾ. അതിനെ പ്രോത്സാഹിപ്പിക്കുന്നില്ല.

ഇങ്ങനെ വേദപുസ്തകാടിസ്ഥാനത്തിലും സഭയുടെ വിശ്വാസാചാരങ്ങൾക്ക് ഭംഗം വരാത്തവിധത്തിലും വിശ്വാസ സമൂഹത്തെയും തിരുസഭയിൽ ഉൾപ്പെടുന്ന ഏവരെയും നോമ്പും പെരുന്നാളും ശക്തിപ്പെടുത്തുന്നവയാണ്.

## നോമ്പ് എന്തിന്?

#### 1. നോമ്പ് ഒരു ഒരുക്കമാണ്

ക്രമഭംഗത്തിൽ നിന്ന് ക്രമത്തിലേക്ക്. ആചരിക്കുകയല്ല അനുഷ്ഠിക്കുകയുമല്ല സമർപ്പണത്തിന്റെ ആഴങ്ങളിൽ എത്തുകയാണാവശ്യം. ക്രൂശിതന്റെ തലോടൽ അറിയുകയും അനുഭവിക്കുകയും ചെയ്യുന്നതിനുള്ള ഒരുക്കം. ക്രൂശിതന്റെ മാറിടത്തിൽ ചാരുന്നതിനുള്ള കാലം. ശുദ്ധീകരണവും ശക്തീകരണവും ആണ് ഇതിലൂടെ സാധ്യമാകേണ്ടത്.

#### 2. നോമ്പ് ഓർമപ്പെടുത്തലിന്റേതാണ്

ക്രൂശിന്റെ നിഴലിലൂടെയുള്ള ജീവിതത്തിന്റെ അനുസ്മരണം. നോമ്പുകാലം ആത്മപരിശോധനയ്ക്കുള്ള നാളുകളാണ്. ജീവിതത്തെ പരിശോധിക്കേണ്ടത് ദൈവത്തിന്റെ വിശുദ്ധിയോടുള്ള ബന്ധത്തിലാണ്. അപ്പോഴുണ്ടാകുന്ന പാപബോധവും അതിലൂടെയുണ്ടാകുന്ന അനുതാപവും നമ്മെ ജീവിത വിശുദ്ധിയിലേക്കു നയിക്കുന്നു. ക്രൂശിന്റെ വഴികളിൽ നിലകൊള്ളുന്നതിന് അത് നമ്മെ പ്രാപ്തരാക്കുന്നു. തിന്മയുടെമേൽ യേശുകർത്താവ് കൈവരിച്ച ആത്യന്തിക വിജയമാണിത്. തമസിലുദിച്ച വെളിച്ചത്തിന്റെ അനുസ്മരണം. വെളിച്ചത്തിൽ ചരിക്കുവാൻ ഇത് നമ്മെ ആഹ്വാനം ചെയ്യുന്നു.

#### 3. നോമ്പ് സഹനപർവത്തിന്റെ സ്നേഹ ധ്യാനമാണ്

ധ്യാനം ലയനമാണ്. സ്നേഹിച്ചു മതിവരാത്തവന്റെ ഹൃദയലാവണ്യമാണ് ഇന്നും കർത്താവിനുള്ളത്. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹ. 3: 16). തിരുശരീരത്തിലേറ്റ മുറിവിന്റെ സ്നേഹമാണ്, സഹനമാണ്. മുറിവിന്റെ

സ്നേഹധ്യാനമാണ് നോമ്പ് ആവശ്യപ്പെ ടുന്നത്. സഹനം സൽഫലങ്ങളെ ഉളവാക്കുന്നു. പുഴവക്കിനെ ഭയപ്പെടുന്ന അമ്മ, പുഴയിൽ വീണ കുഞ്ഞിനായി എടുത്തുചാടാൻ കാട്ടുന്ന സ്നേഹം എത്രവലുത്! ക്രൂശിന്റെ സ്നേഹത്താൽ-സഹനത്താൽ നോമ്പ് ജീവിതത്തെ അലങ്കരിക്കേണ്ടതാണ്.

**4. ക്രൂശിന്റെ നിഴലിൽ ജീവിതത്തിന്റെ പുനർവായനയാണ്**

ഇന്നെത്തി നിൽക്കുന്നിടത്തേക്കുറിച്ചുള്ള അറിവാണ് നമുക്കാവശ്യം. നീ ഇപ്പോൾ എവിടെ എത്തിയിരിക്കുന്നു? ഇനി എത്തേണ്ടിടം ഏത്? എന്നത് എത്രയോ പ്രസക്തമായ ചോദ്യമാണ്. തിരിച്ചറിയലിലൂടെ ലഭിക്കുന്ന തിരുത്തലുകൾക്കുള്ള വിപ്ലവാത്മകമായ ധ്യാനനാളുകളാണ് നോമ്പുകാലം. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ക്രൂശിലൂടെ ജീവിതത്തെ തിരിച്ചറിയുക, അതിൽ അഭിമാനംകൊള്ളുക.

കുഷ്ഠരോഗിക്ക് വ്രണം മരിവിച്ചതുപോലെ അനുതാപമില്ലാത്തവരുടെ ഹൃദയം നാശത്തിലേക്ക് നയിക്കുന്നു. അനുതാപം പുനരവലോകനമാണ്. അനുതാപം പശ്ചാത്താപം മാത്രമല്ല, അത് ആളത്വത്തെ രൂപാന്തരപ്പെടുത്തുന്നതാണ്. തന്മൂലം ഒരുവൻ അഹന്തയുടെ രാജ്യത്തിൽ നിന്ന് ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുന്നു. ഈ പഠനം അതിനു വഴിതെളിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

❀

**ത്രോണോസ്**

ത്രോണോസ് എന്ന ഗ്രീക്ക് വാക്കിന് 'സിംഹാസനം' എന്നാണർത്ഥം. യെശയ്യാവ് ദർശിച്ച ഉയർന്നും പൊങ്ങിയുമുള്ള സ്വർഗ്ഗീയ സിംഹാസനത്തിന്റെ പ്രതീകമാണിത് (യെശ. 6:1). യെശയ്യാവിന്റെ ദർശനത്തിൽ സ്വർഗ്ഗീയ ആരാധനയുടെ കേന്ദ്രം ദൈവസിംഹാസനമാണ്. യോഹന്നാനുണ്ടായ വെളിപ്പാടിലും സ്വർഗ്ഗീയ ആരാധന 'കുഞ്ഞാടിന്റെയും ദൈവത്തിന്റെയും സിംഹാസന'ത്തിന്റെ മുമ്പിലാണ് നടക്കുന്നത്' (വെളി. 4:5; 7:9-11). അതേ രീതിയിൽ വി. കുർബ്ബാനയർപ്പണത്തിൽ സുപ്രധാന സ്ഥാനമാണ് ത്രോണോസിനുള്ളത്. സ്വർഗ്ഗീയ ആരാധനയുമായി വി. കുർബ്ബാനയെ ബന്ധിപ്പിക്കുന്ന ഒരു പ്രതീകമാണിത്.

ത്രോണോസിന് ബലിപീഠം എന്നും പറയാറുണ്ട്. യേശുക്രിസ്തുവിന്റെ യാഗാർപ്പണത്തെ ഇത് അനുസ്മരിപ്പിക്കുന്നു.

*(പാദപീഠത്തിങ്കൽ)*

*ഹെർമ്മോൻ ദൂതനെപ്പറ്റിയുള്ള വായനക്കാരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കുന്നത് വളർച്ചയിൽ സഹായകരമാണ്. ഭദ്രാസന-സെന്റർ-ഇടവക തലങ്ങളിലുള്ള പ്രധാന വാർത്തകളും ഫോട്ടോയും യഥാസമയം ആഫീസിൽ എത്തിക്കുന്നതിന് സംഘടനാ-ഇടവക ചുമതലക്കാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.*

***എഡിറ്റർ.***

# ദിവ്യശ്രീ പി. ഐ. ചാക്കോ കശ്ശീശാ

## (ഒരു അനുസ്മരണം)



**കെ. കുര്യൻ, കണ്ണങ്കോട്**

റിട്ട. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ

മാർത്തോമ്മാ സഭയ്ക്ക് എക്കാലവും അഭിമാനിക്കാവുന്ന ഒരു മാതൃകാ പട്ടക്കാരനാണ് കാത്താടേത്ത് ദിവ്യശ്രീ. പി. ഐ. ചാക്കോ കശ്ശീശാ. രണ്ടു ലോകമഹായുദ്ധങ്ങൾ കണ്ട സംഭവബഹുലമായ 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ (1902 നവംബർ 15) അച്ചൻ ജനിച്ചു. 21-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ (2001 ജൂലൈ 24) ദിവംഗതനായി. 99 വർഷങ്ങളിലായി വ്യാപിച്ചുകിടക്കുന്ന അച്ചന്റെ ജീവിതവും പ്രവർത്തനങ്ങളും ശരിയായി ഗ്രഹിക്കുവാൻ ഇന്നത്തെ തലമുറയ്ക്ക് ഒരുപക്ഷേ പ്രയാസമായിരിക്കാം. അന്നത്തെ സാഹചര്യങ്ങൾ പാടേ മാറിക്കഴിഞ്ഞു.

അടൂരിൽ വെള്ളക്കുളങ്ങര എന്ന സ്ഥലത്ത് പാലക്കുന്നിൽ ശ്രീ. ചെറിയ ഇടിക്കുളയുടെയും ശ്രീമതി കാണ്ടമ്മയുടെയും മകനായി അച്ചൻ ജനിച്ചു. ബാല്യത്തിൽ തന്നെ ദൈവവചനത്തോടു താല്പര്യം പുലർത്തിയിരുന്നു. 10-12 വയസ്സുള്ളപ്പോൾ പിതാവിനോടും മറ്റു ബന്ധുക്കളോടും കൂടി അടൂരിൽ നിന്ന് നടന്നുപോയി മാരാമൺ കൺവൻഷനിൽ സംബന്ധിച്ചിട്ടുണ്ട്. അക്കാലത്ത് വാക്കർ സായ്പിന്റെ പ്രസംഗം കേട്ടത് അച്ചന്റെ പുളകം കൊള്ളിക്കുന്ന ഓർമ്മയായിരുന്നു. 15-ാമത്തെ വയസ്സിൽ ദൈവരാജ്യ പ്രവർത്തനത്തിനായി സ്വയം സമർപ്പിച്ചു. അടൂർ ഇംഗ്ലീഷ് ഹൈസ്കൂളിൽ നിന്ന് ESLC (English School Lecving Certificate) പരീക്ഷ പാസ്സായി. ഏതെങ്കിലുമൊരു സർക്കാർ ജോലി ലഭിക്കുവാൻ അക്കാലത്ത് ഒരു പ്രയാസവും ഇല്ലായിരുന്നു. എന്നാൽ അച്ചന്റെ ശ്രദ്ധ ആ ദിക്കിലായിരുന്നില്ല.

ഹൈസ്കൂൾ പഠനകാലത്തു തന്നെ സ്വന്തം ഇടവകയിൽ (കണ്ണങ്കോട്) സൺഡേസ്കൂൾ അദ്ധ്യാപകനായി E.S.L.C. പാസ്സായശേഷം, പാലക്കാട് മിഷനിലെ ആദ്യകാല പ്രവർത്തകനായും അടൂർ, വാളകം എന്നിവിടങ്ങളിൽ അദ്ധ്യാപകനായും കുറച്ചുകാലം പ്രവർത്തിച്ചു. അപ്പോൾ തമിഴ്നാട്ടിലെ പശുമല യൂണിയൻ തിയോളജിക്കൽ സെമിനാരിയിൽ ദൈവശാസ്ത്ര പഠനത്തിനുപോകുവാൻ ഏബ്രഹാം മാർത്തോമ്മാ തിരുമേനിയിൽ കൂടി ദൈവവിളി ഉണ്ടായി. L.Th. ബിരുദം കരസ്ഥമാക്കിയശേഷം 1934 ഏപ്രിൽ 14 ന് ശെമ്മാശ് പട്ടവും 1935 മാർച്ച് 2 ന് കശ്ശീശാ പട്ടവും സ്വീകരിച്ചു.

തുടർന്നുള്ള അച്ചന്റെ ജീവിതം ദൈവരാജ്യപ്രവർത്തനത്തിനും സഭാസേവനത്തിനും വേണ്ടിയുള്ള വിശ്രമരഹിതമായ യാത്രയായിരുന്നു. ആദ്യത്തെ ഒരു വ്യാഴവട്ടക്കാലം തിരുവല്ല, സെന്റ് തോമസ് ഇടവകയിലും ചുറ്റുപാടും ശുശ്രൂഷ ചെയ്തു. ആ കാലയളവിൽ ഇടവക ചുമതലകൾക്ക് ഭംഗം വരാതെയും വേതനം പറ്റാതെയും സൺഡേസ്കൂൾ സമാജം സെക്രട്ടറിയുടെ ചുമതലകളും നിർവ്വഹിച്ചു. തുടർന്ന് 7 സെന്ററുകളിലായി 40-ൽ പരം ഇടവകകളിൽ സേവനം അനുഷ്ഠിക്കുവാൻ ദൈവം അച്ചന് അവസരം നൽകി. അന്നത്തെ ചെറിയ ശമ്പളം പോലും ചില ഇടവകകളിൽ നിന്ന് ക്രമമായി അച്ചനു കിട്ടിയിരുന്നില്ല. 1971 മേയിൽ സജീവ സേവനത്തിൽ നിന്നു വിരമിച്ച ശേഷവും 12 വർഷം വിവിധ ഇടവകകളിൽ ശുശ്രൂഷ നിർവ്വഹിച്ചു. ഇടവകകളിൽ മഹത്തായ പല പ്രവർത്തനങ്ങൾക്കും അച്ചൻ നേതൃത്വം നൽകി.

ചെറുപ്പത്തിൽ ദൈവത്തിനായി സമർപ്പിച്ച ഒരു ജീവിതത്തെ ദൈവം എപ്രകാരം ഫലകരമായി ഉപയോഗിച്ചുവെന്ന് അച്ചന്റെ ജീവിതം നമ്മെ കാണിക്കുന്നു. ഇന്നത്തെ യുവതലമുറയ്ക്കു ഇത് പ്രചോദനം നൽകട്ടെ. അച്ചന്റെ ലളിത ജീവിതവും ഉന്നതചിന്തകളും വളരെ ശ്രേഷ്ഠമായിരുന്നു. ആഴമായ വേദപുസ്തക പരിജ്ഞാനത്തിന്റെ ഉടമയായിരുന്നു അച്ചൻ. അച്ചന്റെ കാര്യമാത്ര പ്രസക്തമായ ധ്യാന പ്രസംഗങ്ങൾ ഇന്നും കാതുകളിൽ മാറ്റൊലികൊള്ളുന്നു. ഇടവകകളിലെ വിവിധ പ്രശ്നങ്ങൾ ദൈവമുൻപാകെ സമർപ്പിച്ച്, ദൈവ നടത്തിപ്പിനായി കാത്തിരുന്നു പ്രാർത്ഥിക്കുക അച്ചന്റെ പതിവായിരുന്നു. കൃത്യനിഷ്ഠയും, തികഞ്ഞ നിഷ്പക്ഷതയും അച്ചന്റെ പ്രത്യേക സ്വഭാവവിശേഷങ്ങളായിരുന്നു. അധികാരത്തിന്റെയോ സ്ഥാനമാനങ്ങളുടെയോ പിറകേ അച്ചൻ പോയിട്ടില്ല. ഏത് സ്ഥലങ്ങളിലേക്ക് സഭ നിയോഗിച്ചുവോ അവിടെല്ലാം പോയി ദൈവാശ്രയം കൈമുതലായി വച്ചുകൊണ്ട് പ്രവർത്തിച്ചു.

വിശ്രമമില്ലാത്ത അച്ചന്റെ പ്രവർത്തനങ്ങൾക്ക് താങ്ങുംതണലുമായിരുന്ന സഹധർമ്മിണി മറിയാമ്മ കൊച്ചമ്മ 1991-ൽ നിര്യാതയായി. മക്കളായ പ്രൊഫ. എം. സി. ജോർജും ശ്രീ. എം. സി. ജേക്കബും മാതാപിതാക്കളിൽ നിന്ന് ലഭിച്ച പരിശീലനം മൂലം കുടുംബമായി ക്രിസ്തീയ സാക്ഷ്യം നിർവ്വഹിച്ചുപോരുന്നു.

ബലഹീനതയിൽ തികഞ്ഞുവരുന്ന ദൈവകൃപ മതിയായതായി കണ്ട ബഹു. അച്ചന്റെ വാക്കുകൾ ഉദ്ധരിച്ചു കൊള്ളട്ടെ.

"മനുഷ്യൻ ദൈവത്തെ അറിയുമ്പോഴും, ദൈവം മനുഷ്യനെ നയിക്കുമ്പോഴുമാണ് ധന്യജീവിതത്തിന് വഴിയൊരുങ്ങുന്നത്'

അച്ചൻ ദൈവത്തെ അറിഞ്ഞു. ദൈവം അച്ചനെ നയിച്ചു. അങ്ങനെ ആ ജീവിതം ധന്യമായി. ധന്യജീവിതത്തിന്റെ ഈ രഹസ്യം എല്ലാവർക്കും മാർഗ്ഗദർശകമായിരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

## പുരോഹിതൻ ദിനംപ്രതി ചൊല്ലേണ്ട പ്രാർത്ഥന

### (ചാവറപ്പിതാവ് എഴുതിയത്)

സകലത്തിന്റെയും ഉടമയായ തമ്പുരാനേ, അങ്ങയുടെ പൗരോഹിത്യത്തിൽ പങ്കുചേർന്നിരിക്കുന്ന ഞങ്ങൾ, എല്ലാവിധ വിശുദ്ധിയിലും, സുകൃതങ്ങളിലും, ഭക്തിയോടും യോഗ്യതയോടുംകൂടി നിനക്കു ശുശ്രൂഷ ചെയ്യുവാൻ ആവശ്യമായ കൃപാവരം ഞങ്ങൾക്കു നൽകേണമേ. എന്നാൽ, ഞങ്ങളെ ഏല്പിച്ചിരിക്കുന്ന ഉത്തരവാദിത്വത്തിനും സ്ഥാനത്തിനും അനുസരിച്ചുള്ള യോഗ്യതയോടെ അല്പമായ തെറ്റുകളെപ്പോലും ഒഴിവാക്കി ജീവിക്കാൻ ഞങ്ങൾ അപ്രാപ്തരാണ്. എങ്കിലും വിനീതമായ ഹൃദയത്തോടും, ജ്വലിക്കുന്ന സ്നേഹത്തോടും കൂടി ദിനംപ്രതി നിനക്കു ശുശ്രൂഷ ചെയ്തുകൊള്ളാമെന്ന് ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു. ഞങ്ങൾ ചെയ്തുപോകുന്ന പാപങ്ങളിന്മേൽ കരഞ്ഞു മനസ്താപപ്പെടുവാൻ ആവശ്യമായ ആഗ്രഹവും ഞങ്ങൾക്കു തരണമേ എന്ന് നിന്നോട് ഞങ്ങൾ പ്രാർഥിക്കുന്നു.

*പുരോഹിതർക്കൊരു മാർഗരേഖ*

### ● തിരശ്ശീല ●

നമ്മുടെ സഭയിലെ ദൈവാലയങ്ങളിൽ കുരിശടയാളമുള്ള തിരശ്ശീല മദ്ബഹായെ മറയ്ക്കുന്നു. സ്വർഗ്ഗീയ ആരാധനയുടെ പ്രതീകമായിട്ടാണല്ലോ പൗരസ്ത്യ സഭകൾ ആരാധനയെ മനസ്സിലാക്കുന്നത്. ഭൗമിക ആരാധനയും സ്വർഗ്ഗീയ ആരാധനയും ഇവിടെ ഒത്തുചേരുന്നു. അതിന്റെ പ്രതീകമായാണ് മദ്ബഹായുടെ വാതിൽ ചക്രവാളാകൃതിയിൽ പണിയുന്നത്. മദ്ബഹാ സ്വർഗ്ഗവും ഹൈക്ക്ല (ആലയം) ഭൂമിയും തിരശ്ശീല ആകാശവും പ്രതീകാത്മകമായി ചിത്രീകരിച്ചിരിക്കുന്നു. മദ്ബഹായുടെ വിശുദ്ധിയും ദൈവസന്നിധിയുടെ അദൃശ്യാവസ്ഥയും മദ്ബഹായിൽ അർപ്പിക്കുന്ന വി. കുർബ്ബാന തുടങ്ങിയ കൂദാശകളുടെ രഹസ്യസ്വഭാവത്തെയും തിരശ്ശീല സൂചിപ്പിക്കുന്നു. തിരശ്ശീല എപ്പോഴും വലതുനിന്ന് ഇടത്തോട്ടാണ് നീക്കേണ്ടത്. ദൈവത്തിൽ നിന്നും ചില കാര്യങ്ങൾ മറച്ചുവയ്ക്കുന്നതോ ദൈവത്തെ മനുഷ്യരിൽ നിന്നു വേർതിരിക്കുന്നതോ അല്ല ഈ തിരശ്ശീല. പൗരസ്ത്യ പാരമ്പര്യമുള്ള സഭകളിൽ മാത്രമേ തിരശ്ശീല കാണുവാൻ കഴിയൂ. യരുശലേം ദൈവാലയത്തിലെ കീറിയ തിരശ്ശീലയുമായ ഇതിനു ബന്ധമില്ല.

*(പാദപീഠത്തിങ്കൽ)*

# THE NEW CREATION

**Rijo Jacob Thomas**
St. Andrews Marthoma Church, Thuvayoor.

In the beginning the Word created the world
God found all that He made, it was good

God was the life which lightened the world
Man in fellowship with God, the life of Eden

His creator, Man has forsaken, made himself hidden
Oh the world lost the light, became dark and blind

God became a man, Christ, to come to the world
The Word became flesh, to show the path

By his birth, Christ brought the hope to world
By his death, he destroyed the death of man

By his resurrection, Christ brought life to world
By his second coming, he brings eternity to man

Those who believe the Word can become his children
Children born of God, not by human desires

A new creation of glory, man in God's own image
A world where, the Word dwells among man

A place where nothing to cover up, but no one naked
The Eden to live, to live a marvelous life

A new beginning life in fellowship with God
God finds all that He made, it is good

*(Based on the Book of Genesis Chapter 1 and on the Gospel of St. John chapter 1)*

❀

## നീതിസാരം

*അർത്ഥാനാമാർജ്ജനേദുഃഖം ആർജ്ജിതാനാന്തു രക്ഷണേ*
*ആയേ ദുഃഖം വ്യയേ ദുഃഖമർത്ഥഃകിം ദുഃഖഭാജനം*

*അർത്ഥം-അർത്ഥം ഉണ്ടാക്കുവാനും ഉണ്ടാക്കിയാൽ രക്ഷിപ്പാനും ദുഃഖം; അർത്ഥം അഴിക്കുമ്പോഴും ലാഭം വരുത്തുമ്പോഴും ദുഃഖ; അർത്ഥം ദുഃഖത്തിനായിക്കൊണ്ടുള്ള പാത്രമെന്നറിക.*

# മാർത്തോമ്മാ സഭയും സന്ന്യാസ പ്രസ്ഥാനവും

ബ്രദർ ഐസക് മാത്യു

സന്യസ്ഥ ജീവിതം തികച്ചും ഒരന്വേഷണമാണ്. ഒരു യഥാർത്ഥ അന്വേഷണ കുതുകിക്കു മാത്രമേ ഇതിന്റെ അർത്ഥ വ്യാപ്തി ഉൾക്കൊള്ളുവാൻ സാധിക്കുകയുള്ളു. ലൗകീകബന്ധങ്ങൾ വെടിഞ്ഞ്, യോഗീവര്യന്റെ താപസചിത്തത്തോടെ, ഭിക്ഷുഭിക്ഷയോടെ ഈശ്വരാന്വേഷണത്തിൽ വ്യാപൃതരായവരേയാണ്, ലോകം 'സന്യാസിമാർ' എന്ന് വിളിച്ചിരുന്നത്. ഇവ്വിധം ഒരു പരിവ്രാജകന്റെ ജീവിതം ധന്യമാകുന്നത്-ഈശ്വര ദർശനത്തിനു വേണ്ടിയുള്ള നിരന്തരമായ അന്വേഷണത്തിലൂടെയാണ്. കാനന തപസ്യയിലും, മരുഭൂമിയിലെ ഏകാന്തതയിലും സന്യാസവര്യർ തിരഞ്ഞതും ഒരേ സത്യത്തേയായിരുന്നു. ക്രൈസ്തവ സന്യാസചരിത്രത്തിൽ മരുഭൂമിയിലേക്ക് പിൻവാങ്ങിയ

*സമൂഹത്തിലും സഭയിലും വെല്ലുവിളി ഉയർത്തുന്ന പരിപക്വമായ പരിവർത്തന ദാഹികളായ ഒരു സമൂഹത്തെ വാർത്തെടുക്കുവാൻ സഭയ്ക്കാവണം. പ്രവാചകദൗത്യം ഉൾകൊണ്ട് ആത്മീയ പ്രബുദ്ധതയുള്ള, സമൂഹത്തിലെ പരിവർത്തനങ്ങൾക്ക് ഒരു നാന്ദിയായി തീരുവാൻ ഇതിൽക്കൂടെ സഭയ്ക്കാവട്ടെ.*

സന്യാസിമാർ നിലവിലുള്ള സംസ്കാരത്തിന്റെ നഷ്ടമായ ദൈവദർശനം ഏകാന്തതയിൽ തിരഞ്ഞവരാണ്. സഭയിലും സമൂഹത്തിലും ലോകത്വം അന്തർലീനമായപ്പോഴായിരുന്നു സന്യാസപ്രസ്ഥാനങ്ങൾ ഉദയം ചെയ്തത്. ഈ പ്രസ്ഥാനങ്ങൾ "ഉയിർത്തെഴുന്നേറ്റ ക്രിസ്തു"വിനെ മറ്റുള്ളവർക്ക് അരുംഗുരം വിളമ്പിക്കൊടുക്കുകയും ക്രിസ്തുവിന്റെ എളിമയും താപസ ജീവിത ശൈലിയും മാതൃകയാക്കി സത്യാന്വേഷണത്തിൽ നിന്നും, ക്രിസ്തു ശൈലിയിൽ നിന്നും പിന്നോട്ടുപോകുവാൻ പ്രേരിപ്പിച്ചു. ഇത്തരുണത്തിലായിരുന്നു സന്യാസപ്രസ്ഥാനങ്ങൾക്ക് വളർച്ചയും പ്രസക്തിയുമുണ്ടായത്. ആദിമ സന്യാസ പിതാക്കന്മാർ ഇതിന് നല്ലുദാഹരണമാണ്. സഭയിൽ അധികാര വടംവലികൾക്കും, ലൗകീകതയ്ക്കും വിളനിലമായപ്പോൾ സന്യാസപിതാക്കന്മാർ സധൈര്യം പ്രതികരിക്കുകയും ഇതിനെതിരെ വെല്ലുവിളി ഉയർത്തി ഒരു പ്രവാചക ശബ്ദമാകുകയും, ബദൽ സംസ്കാരം സഭയിലും സമൂഹത്തിലും വളർത്തിയെടുക്കുകയും ചെയ്തു.

**താപസശക്തി നഷ്ടമാകാതെ സൂക്ഷിക്കേണ്ട ക്രൈസ്തവ സഭ**

ക്രിസ്താനുകരണ ശൈലിയെ അനുധാവനം ചെയ്ത ക്രൈസ്തവ സഭയ്ക്കു എന്തുകൊണ്ടും സന്യാസത്തിനു സമ്പന്നമായ ഒരു ചരിത്ര പശ്ചാത്തലമുണ്ട്. സന്യസ്ഥ പിതാമഹന്മാർ യതികളായി മരുഭൂമിയെ അഭയം പ്രാപിച്ചത് ദൈവിക അരുളപ്പാടുകളുടെ വിളനിലമാണ് "മരുഭൂമി" എന്നു വിശ്വസിച്ചതുകൊണ്ടാണ്. മരുഭൂമിയിലെ രാത്രിയുടെ ഏകാന്തതയിൽ ദൈവവുമായി സംവാദിച്ച അബ്രഹാമും കത്തിജ്വലിക്കുന്ന മുൾപ്പടർപ്പിൽ നിന്നും ദൈവസ്വരം ശ്രവിച്ച മോശയും, മരുഭൂമിയിലെ സ്വച്ഛശീതള മാരുതനിൽ നിന്നും ദൈവസാന്നിദ്ധ്യം കണ്ടെത്താൻ ശ്രമിച്ച ഏലിയാവും, മരുഭൂമിയിൽ പിതാവുമായുള്ള സംസർഗത്തിലൂടെ ഭാവിരൂപപ്പെടുത്തിയ പുത്രനാം ക്രിസ്തുവും, മ്ശിഹാനുകരണ ജീവിതശൈലി നിത്യവ്രതമാക്കി ജീവിക്കാൻ വെമ്പൽകൊണ്ട സന്യാസ പിതാക്കന്മാരുടെ മരുഭൂവാസവും ഇന്ന് നമുക്ക് വെല്ലുവിളി ഉയർത്തുന്നവയാണ്. ഇവർ മരുഭൂമിയുടെ ഏകാന്തതയിൽ തളർന്നുപോകാതെ ദൈവിക ബന്ധത്തിലൂടെ ക്രിസ്താനുകരണ ജീവിതശൈലി പടുത്തുയർത്തിയവരാണ്. ഇവരുടെ താപസനിഷ്ഠ–അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം അനേകരെ സന്യാസഗണത്തിലേക്ക് ഹഠാദാകർഷിച്ചിരുന്നു. ക്രിസ്തുമാർഗ്ഗത്തിലൂടെ സർവ്വസംഗപരിത്യാഗികളായി ജീവിതം ദൈവശുശ്രൂഷയ്ക്കായി മാറ്റിവയ്ക്കുകയും, താപസശക്തിയിലൂടെ സഭയിലും, സമൂഹത്തിലും നിലനിൽക്കുന്ന തെറ്റായക്രമത്തെ വെല്ലുവിളിക്കുകയും, പ്രതികരിക്കുകയും ചെയ്തവരാണ് സന്യാസിമാർ. ഇവ്വിധ പാരമ്പര്യമുള്ള ക്രൈസ്തവ സഭയിൽ ഇന്ന് താപസശക്തി അന്യം നിന്നുപോകുന്നുവോ എന്ന് സംശയിക്കേണ്ടിരിക്കുന്നു. സന്യാസവ്രതക്കാരും താപസരും സഭയിൽ ഉണർന്ന് പ്രവർ

ത്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്നുമാത്രമല്ല, നഷ്ടമായ ആത്മിയ പ്രഭാവം-പ്രാർത്ഥന, ക്രിസ്താനുകരണ ജീവിതശൈലി എന്നിവ അതിന്റെ പ്രതാപത്തോടെ സഭയിൽ പുനർജ്ജീവിപ്പിക്കേണ്ടിയിരിക്കുന്നു. സ്വയകേന്ദ്രീകൃത ജീവിതശൈലിയും ആർജ്ജവസംസ്കാരവും കൊടികുത്തിവാഴുകയും, അതിന്റെ ദൂഷ്യങ്ങൾ സഭയിലും സമൂഹത്തിലും വെല്ലുവിളി ഉയർത്തുകയും ചെയ്യുമ്പോൾ താപസശക്തിയിൽ കൂടെയും ക്രിസ്താനുകരണജീവിതശൈലിയിൽ കൂടെയും ഇതിനെതിരെ ഒരു ബദൽ സംസ്കാരം വളർത്തേണ്ടതനിവാര്യമായിരിക്കുന്നു. പ്രസ്ഥാനവൽകരണത്തിന്റെ അതിപ്രസരത്തിൽ ആണ്ടുപോയ ഇന്നത്തെ സഭയ്ക്കു ഇത് എത്രമാത്രം പ്രാവർത്തികമാക്കുവാൻ സാധിക്കും എന്നുള്ളത് വിചിന്തനം ചെയ്യേണ്ടതാവശ്യമാണ്.

## സന്യാസത്തിന്റെ അനുഷ്ഠാന മാർഗ്ഗങ്ങൾ

ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നീ താപസനിഷ്ഠകളാൽ നിയന്ത്രിതമാണ് സന്യാസ ജീവിതം. തികച്ചും പൂർണ്ണ ആളത്വത്തോടെ ക്രിസ്തുവിനെ ഉൾക്കൊണ്ട് അവിവാഹിത ജീവിതം നയിക്കുന്നതാണ് ബ്രഹ്മചര്യവ്രതം. എല്ലാം ഉണ്ടായിരിക്കേ ഇല്ലായ്മയുടെ ഭാവം അവലംബിച്ച് ദാരിദ്ര്യവ്രതം അനുഷ്ഠിക്കുന്നതാണ് ഇതിന്റെ പ്രത്യേകത. ഫിലിപ്പ്യർ 2:3-11 വരെയുള്ള ഭാഗത്ത് ക്രിസ്തുവിന്റെ ഈ ഭാവത്തെ നിദർശിക്കുന്നുണ്ട്. സ്വർഗ്ഗീയസന്തോഷം വെടിഞ്ഞ് ഭൗമീകന്റെ പച്ചയായ യാഥാർത്ഥ്യങ്ങളെ പുൽകിയ ക്രിസ്തുഭാവം ഇതിനൊരു മകുടോദാഹരണമാണ്. അനുസരണവ്രതം ഇതിൽ നിന്നും വ്യത്യസ്തമല്ല, ക്രൂശിലെ മരണത്തോളം പിതാവിന്റെ ഹിതത്തെ അനുസരിച്ച പുത്രനാം ക്രിസ്തുവിന്റെ ഭാവം നമുക്ക് മാതൃകയാണ്. ഈ ഭാവങ്ങൾ സന്യസ്ഥരിലും ആശ്രമങ്ങളിലും സഭയിലും വിളങ്ങണം.

## മാർത്തോമ്മാ സഭയും സന്യാസ പരിപോഷണവും

ശക്തരായ താപസശ്രേഷ്ഠരാൽ അനുഗ്രഹീത പാരമ്പര്യമുള്ള മാർത്തോമ്മാ സഭയിൽ സന്യാസ പ്രസ്ഥാനങ്ങൾ ഒരു പുതിയ പ്രതിഭാസമല്ല. ആദ്യം മുതൽ തന്നെ സന്യസ്ഥർ/ദയറായക്കാർ സഭയിൽ പ്രവർത്തിച്ചിരുന്നു എന്ന് ചരിത്രം വെളിപ്പെടുത്തുന്നു. ഭാരതത്തിലെ പലപ്രദേശങ്ങളിലും തദ്ദേശ സ്വഭാവത്തിൽ സഭ ആശ്രമങ്ങൾ സ്ഥാപിക്കുകയും അതിൽക്കൂടെ ഉത്ഥിതനായ ക്രിസ്തുവിനെ കാണിച്ചുകൊടുക്കുകയും അനേകരെ ഇതിലേക്ക് ആകർഷിക്കുകയും ചെയ്തിരുന്നു. സീഹോറ, അങ്കോല, പാലക്കാട് എന്നിവിടങ്ങളിലെ ആശ്രമങ്ങൾ ഉദാഹരണങ്ങളാണ്. ഒരുപക്ഷേ സാഹചര്യങ്ങളും സാധ്യതകളും ഉൾകൊണ്ട് ആനുകാലിക പരിവർത്തനം വരുത്തുവാനുള്ള ഭയം ഇന്നത്തെ നമ്മുടെ ആശ്രമങ്ങളെ ഒരു പരിധിവരെ ശോച്യാവസ്ഥയിലാക്കിയോ എന്ന് സംശയിക്കേണ്ടിരിക്കുന്നു.

ആശ്രമങ്ങൾ ധ്യാനത്തിന്റെയും, ധ്യാനാത്മക ജീവിതശൈലിയുടേയും വെളുത്ത പുക ഉയർത്തുന്നവയാണ്. ക്രിസ്താനുകരണ ജീവിതശൈലിയുടെ പുതിയൊരു ക്രമം വളർത്തേണ്ടതാവശ്യമാണ്. പുനലൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മാർത്തോമ്മാ ദയറായ സമൂഹം അഞ്ച് അംഗങ്ങൾ മാത്രമേ ഉള്ളു എങ്കിലും വ്യത്യസ്ത തലങ്ങളിൽ ശക്തമായ പ്രചോദനം നൽകുവാൻ കഴിയുന്നുണ്ട്. ജീവിതത്തിലെ ഇരുട്ടിലൂടെ യാത്രചെയ്യുന്ന അനേകർക്ക് പ്രത്യേകിച്ച് യുവജനങ്ങൾക്ക് പ്രകാശമാകാൻ സഹായിക്കുന്നു. മിഷൻവേല സ്ഥലങ്ങളും, നിരാശ്രയരായ കുഞ്ഞുങ്ങളുടെ വളർച്ചയ്ക്കുവേണ്ടിയ പരിശ്രമങ്ങളും കൂടാതെ സമർപ്പിതരായവർക്കുവേണ്ടിയുള്ള ഒരുക്കപ്പെടലുകളും, നോമ്പു നാളുകളിലെ കുരിശിനെ കുറിച്ചുള്ള ധ്യാനസത്സങ്ങുകളും അനേകർക്ക് പ്രയോജനം നൽകുന്ന ഉദാഹരണങ്ങളാണ്.

സമൂഹത്തിലും സഭയിലും വെല്ലുവിളി ഉയർത്തുന്ന പരിപക്വമായ പരിവർത്തന ദാഹികളായ ഒരു സമൂഹത്തെ വാർത്തെടുക്കുവാൻ സഭയ്ക്കാവണം. പ്രവാചകദൗത്യം ഉൾകൊണ്ട് ആത്മീയ പ്രബുദ്ധതയുള്ള, സമൂഹത്തിലെ പരിവർത്തനങ്ങൾക്ക് ഒരു നാന്ദിയായി തീരുവാൻ ഇതിൽക്കൂടെ സഭയ്ക്കാവട്ടെ.

❀

## തബലൈത്താ

കാസായും പീലാസായും ത്രോണോസിൽ വയ്ക്കുന്നതിന് വിരിക്കൂട്ടിന്റെ അടിയിൽ വയ്ക്കുന്ന ദീർഘചതുരാകൃതിയിലുള്ള ഒരു പലകയാണ് ഇത്. നാലാം നൂറ്റാണ്ടുമുതൽ ഇത് കുർബ്ബാനക്കായ് ഉപയോഗിച്ചുവരുന്നു. ദൈവാലയം കൂദാശ ചെയ്യുന്നതോടൊപ്പം തബലൈത്താ മെത്രാപ്പോലീത്താ കൂദാശ ചെയ്യുന്നു. ഈ പലക വയ്ക്കാതെ കുർബ്ബാന നടത്തുവാൻ അനുവാദമില്ല. ഇത് കർത്താവിന്റെ ക്രൂശ് മരണത്തിന്റെ അനുസ്മരണ തിരുവത്താഴത്തിലൂടെ പ്രകടമാകുന്ന മേശയാണ്. പ്രത്യേകം വേർതിരിക്കപ്പെടാത്ത സ്ഥലങ്ങളിൽ വി. കുർബ്ബാന അണയ്ക്കുമ്പോൾ പട്ടക്കാരൻ ഈ മേശ ഉപയോഗിച്ചിരിക്കണം. കൊണ്ടുനടക്കുന്ന ഒരു അൾത്താരയായി (portable altar) ഇതിനെ കണക്കാക്കാം. ഇടവകയും മെത്രാപ്പോലീത്തായുമായുള്ള ബന്ധത്തെയും കൂദാശയുടെ ഏകതയെയും സഭയുടെ ഐക്യത്തെയും തബലൈത്താ സൂചിപ്പിക്കുന്നു. സഭയിലെ വിവിധ ഇടവകകളിൽ അനുഷ്ഠിക്കുന്ന വി. കുർബ്ബാന എപ്പിസ്ക്കോപ്പാ - മെത്രാപ്പോലീത്തായുമായുള്ള സംസർഗ്ഗത്തിൽ അർപ്പിക്കുന്നു എന്നതിന്റെ സൂചനയായിട്ടാണ് അദ്ദേഹം കൂദാശ ചെയ്ത തബലൈത്ത ഉപയോഗിക്കുന്നത്.

*(പാദപീഠത്തിങ്കൽ)*



# അർത്ഥവത്തായ യുവത്വം

അലക്സാണ്ടർ ജേക്കബ് IPS

ഒരു സഭയുടെയും ഒരു ജനതയുടെയും ഏറ്റവും വലിയ പ്രതീക്ഷ അതിന്റെ യുവാക്കളിലാണ്. അതുകൊണ്ടു തന്നെ യുവജനങ്ങളുടെ കൂടിവരവുകൾക്ക് ഏറെ സാധ്യതയുണ്ട്. ലോകത്തിലെ രണ്ടു ജനതകൾക്കിടയിലാണ് യുവാക്കളുടെ എണ്ണം കാര്യമായി ഉയർന്നുനിൽക്കുന്നതെന്ന് ജനസംഖ്യാകണക്ക് പറയുന്നു. ഒന്ന് ഇന്ത്യയെന്ന ഈ ഉപഭൂഖണ്ഡത്തിലാണ്. മറ്റൊന്ന് അറബികൾക്കിടയിലും. പാശ്ചാത്യലോകത്ത് പല രാജ്യങ്ങളിലും യുവാക്കളുടെ എണ്ണം കുറയുകയും വാർദ്ധക്യ സമൂഹം വലുതാവുകയും ചെയ്തിട്ടുണ്ട്. അവരുടെ സാമ്പത്തിക തകർച്ചക്ക് അത് കാരണമായിട്ടുണ്ട്. എന്നാൽ ഇന്ത്യയുടെ ജനസംഖ്യയിൽ 60% യുവാക്കളാണ്. അറബികളിൽ 70% വും അതുകൊണ്ട് ഇരുപത്തിയൊന്നാം നൂറ്റാണ്ട് അറബികളുടെയും ഇന്ത്യക്കാരുടെയും ആണ്. ഇന്ന് ജനസംഖ്യയിൽ വലിയ

*ആദം, ഹവ്വാ എന്നിവരുടെ സൃഷ്ടിയിൽ മനുഷ്യ ചരിത്രം ആരംഭിക്കുന്നു. അവരുടെ പ്രായം സൃഷ്ടിയിൽ എത്രയാണെന്നു രേഖപ്പെടുതിയിട്ടില്ലെങ്കിലും ദൈവം അവരെ സൃഷിടിച്ചത് യൗവ്വനക്കാരയിട്ടാണെന്നു കരുതണം. കാരണം ആരോഗ്യമുള്ള തലമുറകളുടെ സൃഷ്ടിയിൽ അവർ പങ്കാളികളാകാൻ ആ പ്രായം പ്രധാനമാണ്. തലമുറകളെ കുറിച്ചുകൂടിയുള്ള ദൈവത്തിന്റെ ദർശനത്തിന്റെ ഭാഗമാണിത്.*

ശക്തിയായ ചൈനയിൽ ഒരു കുടുംബത്തിന് ഒരു കുട്ടിയെന്ന നിലപാടു കാരണം ജനസംഖ്യയിൽ കുറവ് വരികയാണ്. ആ സ്ഥാനത്തേക്ക് നാം കുതിച്ചെത്തുന്നു. ഈ രാജ്യത്തെ യുവാക്കൾക്ക് രാജ്യത്തെ പുരോഗതിയിലേക്ക് നയിക്കാനാകും. അതിൽ ഇന്ത്യക്കാരായ യുവാക്കളെന്ന നിലയിൽ നാം അഭിമാനം കൊള്ളണം.

ഇത്തരം ഒരു ഘട്ടത്തിൽ യുവത്വം എങ്ങനെ അർത്ഥ പൂർണ്ണമാക്കാമെന്നും ക്രിസ്തുവിന്റെ ദർശനത്തിൽ എങ്ങനെ നയിക്കപ്പെടാമെന്നും നാം ചിന്തിക്കേണ്ടതുണ്ട്. വേദപുസ്തകത്തിന്റെ ആരംഭം മുതൽ അവസാനം വരെ പരിശോധിച്ചാൽ അതിൽ വളരെ ശ്രദ്ധേയരായ പല വ്യക്തികളേയും ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കുന്നുണ്ട്. അവരിൽ ഏറിയപങ്കും യൗവ്വനക്കാരാണ്. ആദം, ഹവ്വാ എന്നിവരുടെ സൃഷ്ടിയിൽ മനുഷ്യ ചരിത്രം ആരംഭിക്കുന്നു. അവരുടെ പ്രായം സൃഷ്ടിയിൽ എത്രയാണെന്നു രേഖപ്പെടുതിയിട്ടില്ലെങ്കിലും ദൈവം അവരെ സൃഷിടിച്ചത് യൗവ്വനക്കാരയിട്ടാണെന്നു കരുതണം. കാരണം ആരോഗ്യമുള്ള തലമുറകളുടെ സൃഷ്ടിയിൽ അവർ പങ്കാളികളാകാൻ ആ പ്രായം പ്രധാനമാണ്. തലമുറകളെ കുറിച്ചു കൂടിയുള്ള ദൈവത്തിന്റെ ദർശനത്തിന്റെ ഭാഗമാണിത്.

തുടർന്നു കാണുന്ന ശക്തനായ കഥാപാത്രമാണ് അബ്രഹാം. അബ്രഹാമിനെ ദൈവം വിളിക്കുന്നത് അവന് ഇരുപത്തിയഞ്ച് വയസ്സുള്ളപ്പോഴാണ്. അബ്രഹാം വിഗ്രഹങ്ങളെ തൂത്തെറിഞ്ഞത്. ദേശംവിട്ട് പുറപ്പെടുന്നത് തന്റെ മുപ്പതാം വയസ്സിലാണ്. അത് തന്റെ മികച്ച യൗവ്വനപ്രായത്തിലാണെന്ന് നാം മനസ്സിലാക്കണം. യിസ്രയേലിന്റെ ചരിത്രത്തിൽ മിസ്രയീമിലെ ജീവിതവുമായി ബന്ധപ്പെട്ട കഥാപാത്രമാണ് ജോസഫ്. അദ്ദേഹം അടിമയായി ഈജിപ്തിലെത്തുന്നത് പതിനെട്ടാം വയസ്സിലാണ്. കഠിനമായ ജീവിത പരീക്ഷണങ്ങൾക്കും കാരാഗൃഹവാസത്തിനും ശേഷം ഫറവോയുടെ മുമ്പിൽ നിൽക്കുന്നത് മുപ്പതാം വയസ്സിലാണെന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. ഇങ്ങനെ മുപ്പതാം വയസ്സിന്റെ തികവിലാണ് ജോസഫ് എന്ന ചെറുപ്പക്കാരൻ ഈജിപ്തിന്റെ മന്ത്രി പദത്തിലിരുന്ന് അവരെ മാത്രമല്ല ചുറ്റുപാടുകളെക്കൂടി പട്ടിണിയിൽ നിന്നും രക്ഷിക്കുന്ന മഹാത്ഭുതം നിറവേറ്റിയത്. മിസ്രയീമിലെ അടിമത്വത്തിൽ നിന്നും ജനത്തെ വിടുവിക്കുന്ന മോശയാണ് ശ്രദ്ധേയനായ മറ്റൊരു കഥാപാത്രം. ഫറവോയുടെ കൊട്ടാരത്തിൽ 40 വയസും മിദ്യാനിൽ 40 വയസും പ്രവാസത്തിൽ 40 വയസും തികച്ചവനായി വേദപുസ്തകം മോശയെ അവതരിപ്പിക്കുന്നു. എന്നാൽ വേദപുസ്തകത്തിലെ ഈ പ്രായത്തിന്റെ കണക്ക് കൃത്യമാകണമെന്നില്ലെന്നും അഭിപ്രായപ്പെടുന്നവരുണ്ട്. കാരണം ഫറവോയുടെ കല്പന പ്രകാരം 25 വയസ് പൂർത്തീകരിച്ചവർ വിവാഹം കഴിച്ചിരിക്കേണ്ടതാണ്. അങ്ങനെയെങ്കിൽ മോശെ മിദ്യാനിലേക്ക് ഓടിപ്പോകുമ്പോൾ 25 വയസിൽ താഴയെ പ്രായം ഉണ്ടാകുവാനിടയുള്ളുവെന്ന് അനുമാനിക്കുന്നു. ദൈവം മോശയെ, യിസ്രയേലിന്റെ രക്ഷകനായി വിളിക്കുമ്പോൾ

അദ്ദേഹത്തിന് 35 വയസ് പ്രായമേ ഉണ്ടായിരുന്നുള്ളൂ വെന്നാണ് വേദപ ണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത്. ഇതിൽ വെളിവാക്കപ്പെടുന്ന പ്രധാന വസ്തുത മോശെ, ദൈവജനത്തിന്റെ വിടുതലിനായി ഒരുക്കപ്പെടുകയും നി യോഗിക്കപ്പെടുകയും ചെയ്തത് യൗ വ്വന പ്രായത്തിലായിരുന്നു എന്നത്രേ.

വേദപുസ്തകത്തിലെ മറ്റൊരു പ്ര ധാന വ്യക്തിത്വമാണ് ദാവീദ് രാജാവ്. ദാവീദ് മുഖ്യധാരയിലേക്കെത്തുന്നത് ഗോല്യാത്തിനെ വധിക്കുന്നതിലൂടെ യാണ്. രണ്ട് അവന്റെ പ്രായം പതിന ഞ്ചുവയസ്സായിരുന്നു. പടച്ചട്ടകൾ എടു ത്തണിയാൻപോലും പ്രാപ്തിയായിട്ടി ല്ലാത്ത കാലം. ശൗലിനുശേഷം ദാവീ ദ് രാജാവായി അഭിഷേകം ചെയ്യപ്പെടു മ്പോൾ ദാവീദിന്റെ പ്രായം 24 വയസാ യിരുന്നു. ദാവീദിന്റെ ജീവിതത്തിൽ മഹാകാര്യങ്ങളെ നിർവ്വഹിച്ചത് യൗ വന പ്രായത്തിലായിരുന്നു.

തുടർന്ന് രംഗത്തെത്തുന്നത് ജ്ഞാ നികളിൽ ജ്ഞാനിയായ ശലോമോ നാണ്. ദാവീദിന്റെ അനന്തരാവകാശി യായി ശലോമോൻ എത്തുന്നത് 9–ാം വയസ്സിലാണെന്ന് പണ്ഡിതമതം. ശ യ്യാവലംബിയായ ദാവീദിനുവേണ്ടി 5 വർഷം ഭരണം നടത്തി ദാവീദിനു ശേഷം 14–ാം വയസ്സിൽ ശലോമോൻ രാജാവായി അവരോധിക്കപ്പെടുന്നു.

യൗവ്വനപ്രായത്തിൽ നേതൃനിരയി ലേക്കെത്തിയ മറ്റൊരു വ്യക്തിയാണ് ശിംശോൻ. വേദപുസ്തകത്തിലെ പ്ര ധാന വ്യക്തികളും പ്രവാചകന്മാരു മൊക്കെ വിളിക്കപ്പെട്ടതും വലിയ ശു ശ്രൂഷകരായതുമൊക്കെ യൗവനകാല ത്താണ്. ദൈവത്തിനായി സമർപ്പിക്ക പ്പെട്ടതും പ്രയോജനപ്പെട്ടതുമായ മ റ്റൊരുവ്യക്തി ദാനിയേലാണ്. നെബു ഖദ്നേസറിന്റെ കാലത്ത് പ്രവാചക ശുശ്രൂഷ നിർവ്വഹിച്ച ദാനിയേൽ ത ന്റെ 25–ാം വയസിലാണ് ആ മഹാദൗ ത്യം നിർവ്വഹിച്ചു തുടങ്ങിയത്. ബാ ബേൽ പ്രവാസത്തിൽ നിന്നുള്ള മട ക്കയാത്രയുടെ ചരിത്രത്തിൽ ശ്രദ്ധേ യനാണ് എസ്രാ പുരോഹിതൻ. യഹൂ ദാവിദ്യാഭ്യാസ സമ്പ്രദായത്തിന് അടി ത്തറയിട്ട് "Father of Jewish Education" എന്ന പേരിനർഹനായ എസ്രാ തന്റെ 30–ാം വയസ്സിലാണ് ഒരു നേതാ വ്, ഗ്രന്ഥകാരൻ എന്ന നിലയിൽ വ ളർന്നത്. അദ്ദേഹമാണ് യഹൂദ സമൂ ഹത്തെ വിജ്ഞാനത്തിന്റെയും ജീവി ത ക്രമീകരണത്തിന്റെയും പാതയി ലേക്ക് കൊണ്ടുവന്നത്.

പുതിയ നിയമ ക്രമത്തിൽ സ്നാ പക യോഹന്നാൻ സജീവ യൗവ്വന ത്തിന്റെ പ്രതിനിധിയാണ്. യേശുവു മായി യോഹന്നാൻ സ്നാപകനുണ്ടാ യിരുന്ന പ്രായവ്യത്യാസം ആറു മാസ ത്തിന്റേതു മാത്രമായിരുന്നു. യേശു പരസ്യ ശുശ്രൂഷക്ക് പ്രവേശിക്കുന്നതി നു തൊട്ടുമുമ്പ് സ്നാപകൻ ഹെരോദ രാജാവിനാൽ കൊലച്ചെയ്യപ്പെട്ടു. അ ങ്ങനെ നോക്കിയാൽ കൊല ചെയ്യപ്പെ ടുമ്പോൾ ഇരുപത്തിയെട്ടോ ഇരുപ ത്തിയൊൻപതോ വയസ് പ്രായമേ അ ദ്ദേഹത്തിനുണ്ടായിരുന്നുള്ളൂ. യേശു പരസ്യശുശ്രൂഷ ആരംഭിക്കുമ്പോൾ അവന് മുപ്പത് വയസായിരുന്നു. യേശു വിനോടൊപ്പമുണ്ടായിരുന്ന ശിഷ്യന്മാ രിൽ 2 പേർക്ക് മാത്രമാണ് യേശുവി നേക്കാൾ പ്രായം ഉണ്ടായിരുന്നത്. പ ത്രോസിന് യേശുവിനേക്കാൾ 6 വയ

സും അന്ത്രയോസിന് 8 വയസും കൂടുതലായിരുന്നു. ബാക്കിയെല്ലാവരും അതിൽ താഴെമാത്രം പ്രായമുള്ളവരായിരുന്നു. ഏറ്റവും പ്രായക്കുറവ് യോഹന്നാൻ ശ്ലീഹായ്ക്കായിരുന്നു 18 വയസ്. കർത്താവിന്റെ ഒപ്പം നിന്നവർ 18 മുതൽ 38 വരെ പ്രായമുള്ള യൗവ്വനക്കാരുടെ കൂട്ടമായിരുന്നുവെന്ന് നാം ഗ്രഹിക്കണം.

പുതിയ നിയമ ത്തിലെ മഹാനായ മറ്റൊരു വ്യക്തി വിശുദ്ധ പൗലൊസാണ്. ദമസ്കോസിന്റെ പടിവാതുക്കൽ വച്ച് അവൻ വീഴിക്കപ്പെട്ടപ്പോൾ അവന്റെ പ്രായം 26 മാത്രം. ലോകത്തെ അതിശയിപ്പിക്കുന്ന വിധത്തിൽ റോമാ സാമ്രാജ്യത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ മിഷനറി യാത്ര നടത്തുമ്പോൾ പ്രായം 43 ലേക്കെത്തി.

മേൽപറഞ്ഞ കഥാപാത്രങ്ങളൊക്കെ തങ്ങളുടെ ജീവിതത്തിൽ വിജയഗാഥ രചിച്ചത് യൗവ്വന പ്രായത്തിലാണ്. അവരൊക്കെ ആത്മാർത്ഥമായി പ്രയ്തിച്ചതും നീതിക്കുവേണ്ടി നിലകൊണ്ടതും യൗവ്വനപ്രായത്തിലാണ്. അതിനാൽ ഇന്നും ഏറ്റവും സജീവമായി പ്രവർത്തിക്കാനും ലോകത്തിനുവേണ്ടി നന്മകളെ നൽകാനും കഴിയുന്നത് യൗവ്വനപ്രായത്തിലാണെന്ന് യുവാക്കൾ തിരിച്ചറിയണം. വാർദ്ധക്യത്തിലെത്തി, ക്ഷീണിതരും അവശരുമാകുന്ന കാലത്തേക്ക് എല്ലാം നീക്കിവെക്കുകയല്ല ചെയ്യേണ്ടത് എന്ന് വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു.

*(അടൂർ ഭദ്രാസന കൺവൻഷൻ-യുവജന സമ്മേളനത്തിലെ പ്രസംഗത്തിൽ നിന്നും)*

❀

## ഒന്നാം മാർത്തോമ്മാ 1653-1670

മലങ്കരസഭയിൽ മെത്രാന്മാരില്ലാതിരുന്ന കാലത്ത്, സഭ തെരഞ്ഞെടുത്തിരുന്ന ഒരു വൈദികൻ ജാതിക്ക് കർത്തവ്യനായി സമൂഹത്തിന്റെ ഭരണം നടത്തിവന്നിരുന്നു. 1637-53 വരെ ആ സ്ഥാനം വഹിച്ചിരുന്നത് പറമ്പിൽ തോമസ് കത്തനാരായിരുന്നു. അദ്ദേഹത്തെ ഒന്നാം മാർത്തോമ്മായായി വാഴിച്ചത് സമുചിതമായി. പോർട്ടുഗീസ്-റോമാ സംഘടിത എതിർപ്പുകളും കഷ്ടനഷ്ടങ്ങളും അദ്ദേഹം ചെറുത്തുനിൽക്കുകയും സഭയെ നയിക്കുകയും ചെയ്തു. ഭരണത്തിൽ സഹായിക്കുന്നതിന് ഒരു നാലംഗകൗൺസിൽ ഉണ്ടായിരുന്നു.

കർമ്മലീത്ത സഭക്കാരുടെ നിരന്തര ശ്രമത്തിന്റെ ഫലമായി 1661 കാലഘട്ടത്തിൽ മാർത്തോമ്മായുടെ കൂടെനിന്ന 82 ഇടവകക്കാർ റോമാ സഭയുടെ മേൽക്കോയ്മ സ്വീകരിച്ചു. 32 ഇടവകകൾ മാത്രമെ മലങ്കര സഭയുടെ സ്വാതന്ത്ര്യത്തെ മാനിച്ച് വിശ്വസ്തരായിരുന്നുള്ളു. അപ്പോസ്തലിക പാരമ്പര്യം നിലനിർത്തുന്ന എപ്പിസ്കോപ്പൽ സംവിധാനം ആഗ്രഹിച്ച ഒന്നാം മാർത്തോമ്മാ ബാബിലോൺ, അലക്സാന്ത്രിയ, അന്ത്യോക്യ മുതലായ സഭാ കേന്ദ്രങ്ങളിലേക്ക് കത്തയച്ചു. അന്ത്യോക്യാ സുറിയാനി സഭയുടെ കീഴിലുള്ള യെരുശലേമിലെ മാർ ഗ്രിഗോറിയോസ് അബ്ദുൾ ജലീൽ മെത്രാപ്പോലീത്താ 1665-ൽ മലങ്കരയിലെത്തി. അദ്ദേഹത്തിൽ നിന്ന് ഒന്നാം മാർത്തോമ്മാ കൈവയ്പ് സ്വീകരിച്ച് മേൽപട്ടസ്ഥാനം സാധുവാക്കി.

*(CD 2010)*



## തോമസ് മാത്യു രചിച്ച

# "എൻ പ്രിയൻ വലങ്കരത്തിൽ പിടിച്ചെന്നെ"

## എന്ന ഗാനത്തിന്റെ രചനാസാക്ഷ്യം

1977 ഏപ്രിൽ 17...

അന്നൊരു ഞായറാഴ്ച...

അതിരാവിലെ വയനാട്ടിലൂടെ അതിശക്തമായി ശീതക്കാറ്റ് വീശിയടിച്ചു. കോടമഞ്ഞ് പെയ്തുകൊണ്ടിരുന്നു.

ഗതാഗതസൗകര്യം അന്നൊക്കെ പരിമിതമായിരുന്ന ആ വയനാടൻ ഗ്രാമീണ പാതയിലെ കുന്നുകളും താഴ്വരകളും കടന്നുനടന്ന് പോകുമായിരുന്നു തോമസ് മാത്യു. കാനറാബാങ്കിൽ ആദ്യ നിയമനം കിട്ടി വയനാട്ടിൽ ആയിരുന്ന അദ്ദേഹം താമസസ്ഥലമായിരുന്ന അമ്പലവയലിൽ നിന്നും 6 കിലോമീറ്റർ അകലെ വാഴവറ്റ എന്ന ഗ്രാമത്തിലെ, സെന്റ് സെബാസ്റ്റ്യൻസ് കത്തോലിക്ക പള്ളിയിലെ കുട്ടികളുടെ കോൺഫറൻസിൽ പ്രസംഗിപ്പാൻ വികാരിയായിരുന്ന റവ. ഫ്രാൻസിസ് വാളായിൽ അച്ചന്റെ ക്ഷണപ്രകാരമായിരുന്നു യാത്രയായത്.

9.30 ന് ആരംഭിക്കുന്ന കോൺഫറൻസിൽ കൃത്യമായെത്തുവാൻ രാവിലെ 6 മണിക്ക് തന്നെ താമസസ്ഥലത്ത് നിന്നും തിരിച്ചു. അമ്പലവയലിലെ ഹോട്ടലുകളൊന്നും തുറന്നിരുന്നില്ല. കട്ടൻകാപ്പിപോലും കുടിക്കാതെയാണ് യാത്രയായത്. മൂടൽമഞ്ഞ് ഏൽക്കാതിരിക്കുവാൻ വലങ്കരത്തിൽ നിവർത്തിയ കുടയും ഇടത്തെ കരത്തിൽ കുട്ടികൾക്കുള്ള ബുക്ക്ലെറ്റുകൾ നിറച്ച ബ്രീഫ്കേസും ഉണ്ടായിരുന്നു.

സമതല പ്രദേശമായ കരുനാഗപ്പള്ളിയിൽ ജനിച്ചു വളർത്തപ്പെട്ട തോമസ് മാത്യു വയനാടൻ മേടുകളും താഴ്വരകളും കടന്ന് ഏകദേശം പകുതി ദൂരമെത്തിയപ്പോഴേക്കും ക്ഷീണിച്ചു തളർന്നു. പാതയോരത്തെ കറുത്തുവികൃതമായ പാറക്കെട്ടുകളിൽ തട്ടിമുട്ടി കടന്നുവരുന്ന ശക്തമായ ശീതക്കാറ്റേറ്റിട്ടും, അദ്ദേഹത്തിന്റെ ശരീരമാസകലം വേദനിച്ച് വെന്ത് വിയർത്തൊഴുകി. ദാഹശമനത്തിന് ഒരുഗ്ലാസ്


വെള്ളംപോലും കിട്ടാനുമില്ല. ഇനിയും 3 കിലോമീറ്റർ പള്ളിയിലെത്തുവാൻ കടക്കേണ്ടതുണ്ടെന്നും പകുതിദൂരം മാത്രമേ പിന്നിട്ടുള്ളുവെന്നും എതിരെ വന്ന വയനാട്ടുകാരിനിൽ നിന്നും അറിഞ്ഞപ്പോൾ തോമസ് മാത്യു ഉത്കണ്ഠകളാൽ ഉലയുവാൻ തുടങ്ങി. വാച്ചിലേക്ക് നോക്കി സമയം 8.30 കഴിഞ്ഞിരിക്കുന്നു. പകുതിദൂരം നടന്നെത്തുവാൻ 2.30 മണിക്കൂർ വേണ്ടിവന്ന അദ്ദേഹം അവശേഷിക്കുന്ന 3 കിലോമീറ്റർ ഒരു മണിക്കൂറിനുള്ളിൽ നടന്നെങ്ങനെ പള്ളിയിലെത്തും?

മുൻപിൽ മൂടൽമഞ്ഞ് മറഞ്ഞ് നിൽക്കുന്ന വയനാടൻ മേടുകൾ. പിറകിൽ പിന്നിട്ട ചെമ്മൺ പാത. ഒരു ചുവട്ടടിപോലും മുന്നോട്ടുവയ്ക്കുവാൻ കഴിയാതെ വേദനിച്ചു വിയർത്ത് വിവശനായ തോമസ് മാത്യു ആ പാറപ്പുറത്തിരുന്ന് പൊട്ടിക്കരഞ്ഞ് പ്രാർത്ഥിച്ചു. ആസാഫിന്റെ 73-ാം സങ്കീർത്തനം 23 ഉം, 24 ഉം വചനങ്ങൾ ആത്മ പ്രചോദിതമായി പ്രാർത്ഥന തുടർന്നു. “ആസാഫിന്റെ ദൈവമേ! അടിയൻ ഇതാ ക്ഷീണിച്ചു തളർന്നിരിക്കുന്നു. പകുതി ദൂരം നടന്നെത്തുവാൻ രണ്ടര മണിക്കൂർ എടുത്തു നാഥാ! ഒരു ചുവട്ടടിപോലും മുന്നോട്ട് വയ്ക്കുവാൻ നിവൃത്തിയില്ലാതെ വെന്ത് വിയർത്ത് വേദനയേറ്റിയിരിക്കുന്ന അടിയാനെ, അങ്ങയുടെ വലങ്കരം നീട്ടിതന്ന് ഒരു മണിക്കൂറിനുള്ളിൽ ആ പള്ളിയിൽ കൃത്യമായി എത്തിക്കേണമേ”.

പ്രാർത്ഥന തുടരവേ “മോനേ! മോനേ!” എന്ന് വിളിക്കുന്ന ആർദ്രതയേറിയ ശബ്ദം അദ്ദേഹത്തിന്റെ കാതുകളിൽ മുഴങ്ങി. സ്വന്തം പിതാവിനെക്കാൾ ആർദ്രവാനായരാണ് വന്ന് വിളിക്കുന്നതെന്നറിവാൻ കട്ടിയായി പെയ്തുകൊണ്ടിരുന്ന കോടമഞ്ഞിലൂടെ കണ്ണുനീർ തുളുമ്പുന്ന കൺകളോടെ മുന്നോട്ടു നോക്കുമ്പോൾ തോമസ് മാത്യു അത്ഭുതപ്പെട്ടുപോയി! യേശുനാഥന്റെ വെളുത്ത ചുവന്ന ആണിപ്പാടേറ്റ പൊൻകരം അദ്ദേഹത്തി ന്റെ വലങ്കരത്തിൽ പിടിക്കുവാൻ നീട്ടപ്പെടുന്ന ദിവ്യദർശനം!

സെക്കൻഡുകൾക്കുള്ളിൽ ആ ദിവ്യകരം അദ്ദേഹത്തിന്റെ വിയർത്ത് കുതിർന്ന വലങ്കരത്തിൽ വന്നുപിടിച്ചു. തത്സമയം അദ്ദേഹത്തിന്റെ ക്ഷീണവും വേദനയും ഒക്കെമാറി. ആ പൊൻകരം അദ്ദേഹത്തെ മുന്നോട്ടു നയിക്കുവാൻ തുടങ്ങി. സംഗീതം അഭ്യസിച്ചിട്ടില്ലാത്ത തോമസ് മാത്യുവിന്റെ നാവിൽ അന്നുവരെയും കേട്ടിട്ടില്ലാത്ത ഒരു പുത്തൻരാഗം യേശുകർത്താവ് പകർന്നു. നിമിഷങ്ങൾക്കുള്ളിൽ ആ രാഗത്തിന് അനുസൃതമായ മലയാള പദങ്ങളും, ആദ്യചരണവും. പാടും തോറും പുതുബലവും പുതുശക്തിയും പ്രാപിച്ച അദ്ദേഹത്തിൽ നിന്ന് ആ ദിവ്യകരദർശനം അപ്രത്യക്ഷമായി പ്രിയ കർത്താവ് പ്രദാനം ചെയ്ത പുത്തൻ ഗാനചരണങ്ങൾ തുടർന്ന് പാടിക്കൊണ്ട് വളരെവേഗം വയനാടൻ മേടുകളും താഴ്വരകളും ഓടിക്കടന്ന് 9.25 ആയപ്പോൾ അദ്ദേഹം യോഗ സ്ഥലത്തെത്തി.

അപ്രകാരം യേശുനാഥൻ തോമസ് മാത്യുവിന്റെ നാവിൽ ആദ്യമായി ദാനമായി നൽകിയ ‘എൻ പ്രിയൻ വലങ്കരത്തിൽ പിടിച്ചെന്നെ” എന്ന ഗാനം ഇന്നും ആയിരങ്ങൾ ഏറ്റുപാടുന്നു.



# ഫിലേമോനു എഴുതിയ ലേഖനം

## (ബിഷപ്പിന്റെ അനുഭവസാക്ഷ്യം)

പലതുകൊണ്ടും ശ്രദ്ധേയമാണ് ഫിലേമോന് എഴുതിയ ലേഖനം. ഒളിച്ചോടിപോയ ഒരു അടിമയുടെ-ഒനേസിമൊസ്-അനുഭവം പ്രതിപാദിക്കുന്ന ഒരു സ്വകാര്യ എഴുത്താണിത്. പുതിയ നിയമത്തിൽ ഇടം കിട്ടത്തക്കവണ്ണം ഇതിനെന്തു പ്രാധാന്യമാണുള്ളത്? വിശ്വാസ/ദൈവശാസ്ത്ര ഉപദേശങ്ങളൊന്നും ഇതിലില്ല. യജമാനന്റെ ഏതോ വിലപിടിപ്പുള്ള വസ്തു മോഷ്ടിച്ച് ഒളിച്ചോടിയ അടിമ തടവിലായിരുന്ന പൌലൊസുമായി ബന്ധപ്പെടുവാൻ ഇടയായി. തുടർന്ന് മാനസാന്തരപ്പെട്ട് ദൈവപൈതലായി. പ്രയോജനമുള്ളവൻ എന്നാണ് ഒനേസിമോസ് എന്ന പേരിനർത്ഥം.

ഈ ലേഖനം എങ്ങനെ പുതിയ നിയമത്തിൽ സ്ഥാനം പിടിച്ചു? വ്യക്തമല്ലെങ്കിലും പൊതുധാരണ ഏതാണ്ടിപ്രകാരമാണ്. എ. ഡി. 90 ൽ എഫെസൊസിൽ ആണ് പൌലൊസിന്റെ ലേഖനങ്ങൾ ശേഖരിച്ച് പുസ്തക രൂപത്തിലാക്കിയത്. ചില വർഷങ്ങൾക്കു ശേഷം റോമിൽ വന്യമൃഗങ്ങളുടെ മുമ്പിൽ തള്ളിയിട്ടു രക്തസാക്ഷിയാക്കപ്പെടുന്നതിന് കൊണ്ടുപോകവെ, അന്ത്യോക്യയിലെ ബിഷപ്പായിരുന്ന ഇഗ്നാത്യോസ് (ignatius) ഏഷ്യയിലെ സഭകൾക്കു ചില ലേഖനങ്ങൾ എഴുതി. എഫെസൊസിലെ സഭയ്ക്കു ഒരു ലേഖനവും അതിലുണ്ടായിരുന്നു. അവിടുത്തെ ബിഷപ്പ് തന്റെ പേര് അന്വർത്ഥമാക്കുംവിധം പ്രയോജനമുള്ളവനായി ജീവിക്കുന്നതിനെ ശ്ലാഘിച്ച് അതിൽ എഴുതിയിരുന്നു. ഒനേസിമൊസ് എന്നായിരുന്നു ബിഷപ്പിന്റെ പേര്.

ഒളിച്ചോടിപോയ അടിമയായിരുന്ന ഒനേസിമൊസും എഫെസൊസിലെ ബിഷപ്പായിരുന്ന ഒനേസിമൊസും ഒരാൾ തന്നെയായിരുന്നവെന്നാണ് പല പണ്ഡിതന്മാരുടെ അഭിപ്രായം. പൌലൊസിന്റെ ലേഖനങ്ങൾ ശേഖരിച്ച് പുസ്തകരൂപത്തിലാക്കിയപ്പോൾ, ഫിലേമോന് എഴുതിയ ലേഖനം വിട്ടുകളയാതെ ഉൾക്കൊള്ളിച്ചത് ഒനേസിമൊസിന്റെ നിർദ്ദേശപ്രകാരമായിരുന്നു. ഒരു കാലത്ത് താൻ അടിമയായിരുന്നുവെന്നും, യേശുക്രിസ്തു തന്നിൽ വരുത്തിയ രൂപാന്തരമെന്തെന്നും എല്ലാവരും അറിയുവാൻ ഇടയാകണമെന്നും കരുതിയാണ് അപ്രകാരം ചെയ്തത്.

*ബിഷപ്പിന്റെ അനുഭവസാക്ഷ്യമാണ്, ഫിലേമോനു എഴുതിയ ലേഖനം.*

*കടപ്പാട് (Through the years with William Barclay)*

# പ്രശ്നോത്തരി

2011 Jan-Mar.

1

1. സർവ്വായുധ വർഗ്ഗത്തിൽ കടന്നാക്രമണത്തിനായി ലഭിച്ചിരിക്കുന്ന ആയുധമേത്?
2. മാർട്ടിൻ ലൂഥർ ഏത് ഭാഷയിലേക്കാണ് വേദപുസ്തകം പരിഭാഷപ്പെടുത്തിയത്?
3. മലങ്കര സഭയിൽ നിലനിന്നിരുന്ന സുറിയാനി പരിഭാഷാ ബൈബിൾ ഏത് പേരിലാണ് അറിയപ്പെട്ടിരുന്നത്?
4. മലങ്കര സഭയിൽ നിലവിലിരിക്കുന്ന പ്രധാന നോമ്പുകൾ ഏതൊക്കെ?
5. "മനുഷ്യർ ദൈവത്തെ അറിയുമ്പോഴും, ദൈവം മനുഷ്യനെ നയിക്കുമ്പോഴുമാണ് ധന്യജീവിതത്തിന് വഴിയൊരുങ്ങുന്നത്" ഇതാരുടെ വാക്കുകൾ?
6. സന്യാസ ജീവിതത്തിലെ മൂന്ന് അടിസ്ഥാന പ്രമാണങ്ങൾ ഏതൊക്കെ?
7. 'ഒനേസിമോസ്' എന്ന പേരിന്റെ അർത്ഥം എന്ത്?

*ഈ ലക്കം ഹെർമോൻ ദൂതൻ അടിസ്ഥാനമാക്കിയുള്ളതാണ് ചോദ്യങ്ങൾ. ശരി ഉത്തരം അയ്ക്കുന്നവരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾക്ക് സമ്മാനം ലഭിക്കും.* ചീഫ് എഡിറ്റർ, ഹെർമോൻ ദൂതൻ, അടൂർ-691 523 എന്ന വിലാസത്തിൽ ഉത്തരം ലഭിക്കേണ്ട അവസാന തീയതി **2011 മാർച്ച് 15.**

# KIDS CORNER

Dear Children

Did you ever notice the emblem of the month January? If not search for it. The emblem contains 2 faces on the head of a man. This teach us a lesson.

In ancient Rome the people worships pagan gods. They thought they looked like men. One of these old gods was thought to be the god of the gate and the door of the home. Also the god of new beginnings and endings. And ever the god of weddings. He was also called of the new year.

This god has two faces, who could see backward and forward at the same time. He could look back to the last ending year and the new year ahead. This god was known as 'JANUS'.

The name of the 1st month of the year "January" is derived in this context.

While we leave 2010, the 1st decade of the 21st century, We should not waste our time by thinking our mistakes, filthiness in life, the lackings etc. Instead looking at the 2nd decade of the 21st century we should move forward, with a new vision, Dedication and Hope, alongwith our saviour Jesus Christ. This is what St. Paul reminds us in his letter to Philipians (3:13 ff).

"... I do not consider myself yet to have taken hold of it. But one thing. I do; forgetting what is behind and straining toward the goal to win the prize for which God has called me heavenward in Christ Jesus."

Children let us also prepare for this goal like St. Paul while we enter the 2nd decade of this century.

***Wish You All A Blessed New Year***




## വൈദികരുടെ പഠനകൂട്ടായ്മ

ഭദ്രാസനത്തിലെ വൈദികരുടെ പഠനകൂട്ടായ്മ 2011 ഫെബ്രുവരി 2 ബുധനാഴ്ച രാവിലെ 8 മണിക്ക് വിശുദ്ധ കുർബ്ബാനയോടെ അടൂർ EMTM സ്പിരിച്ചാലിറ്റി സെന്ററിൽ നടക്കുന്നതാണ്.

*കൺവീനർ*

## പുനലൂർ സെന്റർ കൺവൻഷൻ – 2010

സെന്ററിലെ മാർത്തോമ്മാ ഇടവകകൾ ചേർന്നു നടത്തിവരുന്ന കൺവൻഷൻ 2010 നവംബർ 24 മുതൽ 28 വരെ പുനലൂർ സെന്റ് തോമസ് മാർത്തോമ്മാ പാരീഷ് ഹാളിൽ നടന്നു. ഓർത്തഡോക്സ് സഭയുടെ കൊല്ലം ഭദ്രാസനാധിപൻ അഭിവന്ദ്യ സഖറിയ മാർ അന്തോണിയോസ് ഉദ്ഘാടനം നിർവ്വഹിച്ചു. റവ. സി. ജെ. തോമസ് (പുനലൂർ), റവ. ജോർജ് വർഗീസ് (കോഴഞ്ചേരി), ഫാ. ഡാനിയേൽ പൂവണ്ണത്തിൽ, ഡോ. ഷെറി വർഗീസ് (കുമ്പനാട്), ശ്രീമതി ആനി ജോർജ് വർഗീസ് (കോഴഞ്ചേരി) എന്നിവർ വിവിധ യോഗത്തിൽ വചന ശുശ്രൂഷയ്ക്ക് നേതൃത്വം നല്കി. സമാപന ദിനത്തിലെ വിശുദ്ധ കുർബ്ബാനാശുശ്രൂഷക്കും സമാപന സമ്മേളനത്തിനും അടൂർ ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ നേതൃത്വം നൽകി. വിവിധ സംഘടനകളുടെ ആഭിമുഖ്യത്തിൽ പ്രത്യേക യോഗങ്ങൾ നടത്തപ്പെട്ടു. വിവിധ സബ് കമ്മറ്റികൾക്ക് സെന്ററിലെ വൈദികരും അത്മായരും നേതൃത്വം നൽകി. റവ. കെ. എം. ഫിലിപ്പ് പ്രസിഡന്റായും ശ്രീ. സാം കെ. ജോൺ ജനറൽ കൺവീനറായും പ്രവർത്തിച്ചു.

## മലങ്കരസഭാ നവീകരണ ജൂബിലി ആഘോഷം

മലങ്കരസഭാ നവീകരണത്തിന്റെ 175–ാം വാർഷികത്തോടനുബന്ധിച്ച് പുനലൂർ സെന്ററിൽ നടക്കുന്ന ആഘോഷ പരിപാടികൾക്ക് തിരിതെളിഞ്ഞു. സെന്റർ കൺവൻഷനോടനുബന്ധിച്ചു ക്രമീകരിച്ച ഉദ്ഘാടന സമ്മേളനത്തിൽ ഭദ്രാസന എപ്പിസ്കോപ്പ അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് തിരുമേനിയുടെ നേതൃത്വത്തിൽ ആഘോഷ പരിപാടികൾക്ക് തുടക്കം കുറിച്ചു. അനുഗ്രഹ ഗാനത്തിന്റെ പശ്ചാത്തലത്തിൽ വിവിധ തലമുറകളുടെ പ്രതിനിധികൾ തിരുമേനിക്കൊപ്പം ഉദ്ഘാടന കർമ്മത്തിൽ പങ്കുവഹിച്ചു. ഒരുവർഷം നീണ്ടുനിൽക്കുന്ന പരിപാടിയിൽ ചരിത്രത്തേയും വേദപുസ്തകത്തേയും സമൂഹത്തേയും ചേർത്തിണക്കുന്ന വൈവിധ്യമാർന്ന പരിപാടികളാണ് ലക്ഷ്യം വയ്ക്കുന്നത്.

***സാം കെ. ജോൺ*** *(കൺവീനർ)*

## 'നവീകരണം ക്വിസ് മത്സരം 2010'

മലങ്കര സഭയിലെ നവീകരണത്തിന്റെ 175-ാം വാർഷികാഘോഷത്തോടനുബന്ധിച്ച് അടൂർ ഭദ്രാസന സേവികാസംഘത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ 'നവീകരണം ക്വിസ് മത്സരം 2010 ഒക്ടോബർ 9 ശനിയാഴ്ച രാവിലെ 10 മണിമുതൽ അടൂർ ഈശോ മാർ തിമൊഥെയോസ് മെമ്മോറിയൽ സ്പിരിച്വാലിറ്റി സെന്ററിൽ നടത്തപ്പെട്ടു. ഭദ്രാസനത്തിലെ ഇടവകകളിൽ നിന്നും രജിസ്റ്റർ ചെയ്ത 610 പേരിൽ നിന്നും 78 പേർ ഫൈനൽ മത്സരത്തിനായി തെരഞ്ഞെടുക്കപ്പെട്ടു. അവരിൽ നിന്നും വിജയികളായവരുടെ പേരുകൾ താഴെചേർക്കുന്നു. ഒന്നാം സ്ഥാനംനേടിയ വ്യക്തിക്ക് വിശുദ്ധ നാട്ടിലേക്ക് യാത്രക്കുള്ള അവസരവും മറ്റുള്ളവർക്ക് സേവികാസംഘത്തിന്റെ പ്രോത്സാഹന സമ്മാനവും ലഭിക്കുന്നതാണ്.



*1st Prize*

**Mathew K. John**

Elampal St.Thomas

***Consolation Prizes***

1. Jubin Johnson Vaidyan, Narickel Bethel.
2. Lintu Tharakan,Kadambanadu Immanuel.
3. Shiffin Rajan, Edamon Moria.
4. Sisily Alex, Karavaloor Kereeth.
5. Leelamma Koshy, Kannamkode Mar Thoma Chruch.
6. Feba Anna Varghese, Kurathikadu Jerusalem.
7. Jiji Vincent, Kallelibhagom Salem.
8. Jency Biju, Karavaloor Bethel.
9. Alice Thomas, Kurathikadu Jerusalem.
10. Bincy S. George,Thamarakulam St. Thomas.

***റവ. ഷോജി വർഗീസ്*** *(കൺവീനർ)*

## ക്രിസ്തുമസ് ആഘോഷം

പിടവൂർ ആശാഭവൻ, മാവേലിക്കര, ജ്യോതിസ്, പള്ളിപ്പാട് ബാലികാഭവൻ എന്നീ സ്ഥാപനങ്ങൾ കുട്ടികളുടെ ഗാനാലാപത്തോടും വിവിധ പരിപാടികളോടും ക്രിസ്തുമസ് ആഘോഷം നടത്തി.

അഭി. ജോസഫ് മാർ ബർന്നബാസ് തിരുമേനി വിശിഷ്ടാതിഥിയായി മൂന്നു സ്ഥാപനങ്ങളിൽ ക്രിസ്തുമസ് സന്ദേശം നൽകി.

## തൃതീയ കനകജൂബിലി

ഏനാത്ത് മാർത്തോമ്മാ ഇടവകയുടെ, തൃതീയ കനകജൂബിലി ആഘോഷം 2010 ഡിസം. 5-ാം തീയതി ഞായറാഴ്ച നടന്നു. വി. കുർബ്ബാന ശുശ്രൂഷയ്ക്ക് അടൂർ ഭദ്രാസനാദ്ധ്യക്ഷൻ അഭി. ജോസഫ് മാർ ബർന്നബാസ് തിരുമേനി നേതൃത്വം നൽകി.

പൊതുസമ്മേളനത്തിൽ അഭി. ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ അദ്ധ്യക്ഷനായിരുന്നു. മാർത്തോമ്മാ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ സമ്മേളനം ഉത്ഘാടനം ചെയ്തു. ബഹു. കേരള ജലസേചനവകുപ്പ് മന്ത്രി ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ മുഖ്യ അതിഥിയായിരുന്നു. സി.എസ്.ഐ. സഭാ ബിഷപ്പ് റൈറ്റ്. റവ. ഡോ. സാം മാത്യു, മലങ്കര കത്തോലിക്ക സഭ മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ മോ

സ്റ്റ് റവ. ഡോ.ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത എന്നിവർ അനുഗ്രഹ പ്രഭാഷണം നടത്തി. ശ്രീ. ആന്റോ ആന്റണി എം. പി. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ. എ. എന്നിവർ പ്രസംഗിച്ചു.

**റവ. ഡോ. ചെറിയാൻ തോമസ്**
*(വികാരി)*

## അവാർഡ് നൽകി

സാമൂഹിക പ്രവർത്തകനും ഭാരതീയ പ്രവാസി കോൺഗ്രസ് പ്രസിഡന്റും J & A ഗ്രൂപ്പ് മാനേജിങ്ങ് ഡയറക്ടറുമായ ശ്രീ. ജോയിജോൺ തുരുത്തിക്കരയെ ഏറ്റവും നല്ല സാമൂഹിക പ്രവർത്തകനുള്ള, ബ്രിട്ടീഷ് ഇൻഡ്യൻ സൊസൈറ്റി അവരുടെ പരമോന്നത ബഹുമതിയായ, 'ഗ്ലോറി ഓഫ് ഇൻഡ്യ' അവാർഡ് ലണ്ടൻ ക്രൗൺ പ്ലാസ ഹോട്ടലിൽ വച്ച്, ബ്രിട്ടീഷ് ഇന്റർ നാഷണൽ ഡവലപ്മെന്റ് മിനിസ്റ്റർ ആദരണീയനായ ബർണ്ണീസ്സ് നൽകി ആദരിക്കുകയുണ്ടായി. തുരുത്തിക്കര ഇമ്മാനുവേൽ മാർത്തോമ്മ ഇടവകയിൽ കല്ലൂംമൂട്ടിൽ (ബാബു സദനം) കുടുംബാംഗമാണ്

**റവ. മാത്യൂസ് മാത്തുണ്ണി,** വികാരി.

## നവീകരണ ജൂബിലി ആഘോഷം

മലങ്കര സഭാ നവീകരണത്തിന്റെ 175-ാം വാർഷികാഘോഷം തേവലക്കര സെന്ററിൽ നടത്തപ്പെട്ടു. സെന്ററിലെ മാർത്തോമ്മാ ഇടവകകൾ സംയുക്തമായി നടത്തിയ വർണ്ണശബളമായ ഘോഷയാത്രയ്ക്കുശേഷം നടത്തിയ പൊതുസമ്മേളനം അടൂർ ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ തിരുമേനി ഉദ്ഘാടനം ചെയ്തു. ജസ്റ്റീസ് കെ. ടി. തോമസ് മുഖ്യപ്രഭാഷണം നടത്തി. റവ. കുരുവിള ഫിലിപ്പ് രചിച്ച നവീകരണവും തേവലക്കര ബന്ധവും പ്രതിപാദിക്കുന്ന പുസ്തകത്തിന്റെ പ്രകാശനവും പ്രസ്തുത സമ്മേളനത്തിൽ നടന്നു. സെന്ററിലെ വൈദികരും അത്മായ നേതാക്കളും നേതൃത്വം നൽകിയ സമ്മേളനത്തിൽ നൂറുകണക്കിനു വിശ്വാസികളും അണിചേർന്നു.

***റവ. സാബു കോശി.***

## സീയോൻ കുന്ന് കൺവൻഷൻ

77-ാമത് സാധുകൊച്ചുകുഞ്ഞ് ഉപദേശി മെമ്മോറിയൽ കൺവൻഷൻ 2010 ഡിസംബർ 26 മുതൽ 2011 ജനുവരി 2 വരെ കലയപുരം സീയോൻ കുന്നിൽ വച്ച് നടത്തപ്പെട്ടു. അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ, തോഴിയൂർ സഭാധിപൻ മോസ്റ്റ് റവ. ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപ്പോലീത്താ, സി. എസ്. ഐ. സഭയുടെ ബിഷപ്പ് അഭിവന്ദ്യ സാം മാത്യു തിരുമേനി എന്നിവരുൾപ്പടെ ഒൻപത് പേർ വചന പ്രഭാഷണം നടത്തി. വിവിധ കമ്മിറ്റികൾക്ക് വൈദികരും വിശ്വാസികളും നേതൃത്വം നൽകി. സെന്ററിലെ വിവിധ ഗായകസംഘങ്ങൾ ഗാനശുശ്രൂഷ നിർവ്വഹിച്ചു.

**റവ. ഇ. ജോൺ മാത്യു**
ജനറൽ കൺവീനർ

## വെളിച്ചം 2010
## 'നേത്രദാനം മഹാദാനം'

'നേത്രദാനം മഹാദാനം' എന്ന സന്ദേശത്തോടെ മാർത്തോമ്മാ യുവജനസഖ്യം അടൂർ ഭദ്രാസനവും MYSDA യും സംയുക്തമായി ആരംഭിച്ച പദ്ധതിയാണ് 'വെളിച്ചം - 2010'. നേത്രദാനം പ്രോത്സാഹിപ്പിക്കുന്നതിനായി കറ്റാനം മിഷൻ ഹോസ്പിറ്റലിന്റെ സഹകരണത്തോടെ ഭദ്രാസനത്തിലെ വിവിധ സെന്ററുകൾ കേന്ദ്രീകരിച്ച് നേത്രചികിത്സാക്യാമ്പ്, നേത്രദാന ബോധവത്കരണം, നേത്രസഖ്യം രൂപീകരണം, രക്തഗ്രൂപ്പ് നിർണയം തുടങ്ങിയ പരിപാടികൾ നടത്തിവരുന്നു.

'വെളിച്ചം 2010' ന്റെ ഉദ്ഘാടനം സെപ്റ്റംബർ 8-ാം തീയതി തേവലക്കര സെന്ററിലെ കോവൂർ പഞ്ചായത്ത് പകൽവീട് അങ്കണത്തിൽ മുൻ ആരോഗ്യ വകുപ്പ് മന്ത്രി ശ്രീ. വി. എം. സുധീരൻ ഉദ്ഘാടനം ചെയ്തു. കൂടാതെ ഏനാത്ത്, തലവൂർ, പത്തനാപുരം സെന്റുകളിലെ ക്യാമ്പുകൾ ശ്രീ. ആന്റോ ആന്റണി എം. പി., റവ. ഐസൺ ജോഷ്വാ (MYSDA Con.), ശ്രീ. അനിൽ എം. ജോർജ് (വൈ. പ്രസിഡന്റ് MTYS), എന്നിവർ ഉദ്ഘാടനം ചെയ്തു. വിവിധ സെന്ററുകളിൽ ക്യാമ്പുകൾ നടന്നുവരുന്നു.

MTYS അടൂർ ഡയോസിസും MYSDA യും കറ്റാനം മിഷൻ ഹോസ്പിറ്റലിന്റെ സഹകരണത്തോടെ നേത്രദാന ബോധവത്കരണ സന്ദേശം ഉൾക്കൊള്ളുന്ന കലണ്ടർ വിതരണം ചെയ്തുവരുന്നു. നമുക്ക് മാത്രം ചെയ്യാവുന്ന, നേത്രദാനം എന്ന മഹാദാനത്തിൽ പങ്കാളികളാകാൻ ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

**ജെറിൻ റ്റി. സാം**
*സെക്രട്ടറി, ഭദ്രാസനയുവജനസഖ്യം*

## ആരോഗ്യകരമായ ജീവിതത്തിന് ചില നിർദ്ദേശങ്ങൾ

1. വിശപ്പില്ലാത്തപ്പോൾ ഭക്ഷിക്കാതിരിക്കുക.
2. മാനസികാനന്ദത്തോടെ ഇടയ്ക്കിടെ ഉപവസിക്കുക.
3. നിത്യവും രാവിലെ ദീർഘമായി ശ്വാസോച്ഛ്വാസം ചെയ്തുശീലിക്കുക. സദാനേരവും ശരീരം നിവർന്നിരിക്കാൻ ശ്രദ്ധിക്കണം. കായികാധ്വാനമില്ലാത്ത ജോലികൾ ചെയ്യുന്നവർ ശരീര വ്യായാമങ്ങൾ അനുഷ്ഠിക്കേണ്ടതാണ്.
4. രാവിലെയും വൈകിട്ടും സൂര്യവെളിച്ചം എൽക്കുക.
5. ദിവസവും രാവിലെ തണുത്ത ജലത്തിൽ കുളിക്കണം.
6. സാത്വികഗുണമുള്ള സസ്യഭക്ഷണമാണു മനുഷ്യന് ഉപയുക്തം. നല്ല മനസ്സോടെ ലളിതമായി ഭക്ഷിക്കുക. പ്രോട്ടീൻ, അന്നജം, ജീവകങ്ങൾ, ധാതുക്കൾ തുടങ്ങിയ എല്ലാ ആഹാര ഘടകങ്ങളും ഭക്ഷണത്തിൽ ഉൾപ്പെടുത്തണം.
7. മധുര പലഹാരങ്ങൾ, അച്ചാറുകൾ, എണ്ണയിൽ വറുത്ത ഭക്ഷണങ്ങൾ തുടങ്ങിവയ ഉപേക്ഷിക്കുകയാണ് ഉത്തമം.
8. ഉപ്പ് വളരെ കുറച്ചു ഉപയോഗിക്കുക.
9. എരിവ്, പുളി മുതലായവയും നല്ലതല്ല. ഇഞ്ചി, മഞ്ഞൾ, ജീരകം, നാളീകേരം തുടങ്ങിയവ രുചിക്ക് ഉപയോഗിക്കാവുന്ന ചേരുവകളാണ്.
10. കൃത്രിമ മരുന്നുകളെല്ലാം ഒഴിവാക്കുക.
11. കാപ്പി, ചായ തുടങ്ങിയ പാനീയങ്ങൾ വളരെ കുറച്ചു ഉപയോഗിക്കുക.
12. മദ്യപാനം ഒരു ദേശീയ വിപത്താണ്.
13. വിസർജന പ്രക്രിയകൾ ദിവസവും തൃപ്തികരമായി നിറവേറ്റുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.
14. 'സന്തുഷ്ട ഹൃദയം നല്ലൊരു ഔഷധമാകുന്നു' എന്ന ബുദ്ധിമാനായ സോളമന്റെ വാക്കുകളെപ്പോഴും ഓർത്തിരിക്കുക.

*മേൽപറഞ്ഞ ജീവിതരീതി ആരോഗ്യത്തിലേക്കുള്ള മാർഗമാണെന്നതിൽ സംശയമില്ല. രോഗികൾ വിദഗ്ദ്ധ നിർദ്ദേശമനുസരിച്ച് ജീവിതക്രമം സ്വീകരിക്കാൻ ശ്രദ്ധിക്കണം.*